# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഏറാമല ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി 3/327/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 22/03/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഏറാമല ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഏറാമല ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഏറാമല ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി 3/327/2023 തീയ്യതി: 22/03/2023

## കോഴിക്കോട് ജില്ലയിലെ ഏറാമല ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ഏറാമല ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-06-2022 മുതൽ 03-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 39 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. രതസിംഗ്.കെ.പി | ഡെപ്യൂട്ടി ഡയറക്ടർ | 04-03-2023 | 10-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-03-2023 | 10-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. കെ.എം.ബാലകൃഷ്ണൻ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി. ഷൈന.എ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ദേവാനന്ദ്.ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഷിബിൻ.കെ.എസ്, ഓഡിറ്റർ
ശ്രീമതി. അപർണ.ഡി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ഷക്കീല ഈങ്ങോളി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. പി.സുരേഷ് | സെക്രട്ടറി | 01-04-2021 | 30-04-2021 |
| ശ്രീ. ദിനേശ്.എൻ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-05-2021 | 10-05-2021 |
| ശ്രീമതി. സരിത.എൽ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-05-2021 | 22-05-2021 |
| ശ്രീ. വിനോദൻ.എം.ടി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 23-05-2021 | 02-06-2021 |
| ശ്രീമതി. സരിത.എൽ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-06-2021 | 05-07-2021 |
| ശ്രീ. വിനോദൻ.എം.ടി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-07-2021 | 11-07-2021 |
| ശ്രീ. സജീവൻ.ഇ.ജി | സെക്രട്ടറി | 12-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ. ഷൈനി.എം.നമ്പീശൻ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ. ഉസ്മാൻ.പി.കെ | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ. സുശാന്ത്.സി.കെ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ. സജിന | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീമതി. അഞ്ജന രാജേന്ദ്രൻ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. ഷിജിത്ത് .എ | അസി. എഞ്ചിനിയർ | 01-04-2021 | 18-07-2021 |
| ശ്രീമതി. ദിവ്യ.ജി.വി | അസി. എഞ്ചിനിയർ | 19-07-2021 | 31-03-2022 |
| ശ്രീമതി. സരിത.എൽ | അസി. സെക്രട്ടറി | 11-05-2021 | 31-03-2022 |
| ശ്രീമതി. നൂർജഹാൻ.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 21-11-2021 |
| ശ്രീമതി. ശാരി.എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 22-11-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ. ശ്രീജിത്ത്.സി.പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ദിൽന.ഡി.എസ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |
| ശ്രീ. അനീഷ്.പി | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീ. സോജോ.എ.നെറ്റോ | വി.ഇ.ഒ | 01-04-2021 | 20-10-2021 |
| ജോസഫൈൻ എഡിസൺ | വി.ഇ.ഒ | 20-10-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ | 1-4-1 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 9 | ക്ഷേമ പദ്ധതികൾ | 1-7 |
| 10 | ക്യാഷ് പരിശോധന | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 12 | 250 ചതുരശ്ര മീറ്ററിനു മുകളിൽ വിസ്തൃതിയുള്ള പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടങ്ങളുടെ തറ നിർമ്മിതി പരിശോധിച്ച് വസ്തു നികുതി വർദ്ധനവ് വരുത്തുന്നില്ല | 1-10 |
| 13 | ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു | 1-11 |
| 14 | ആശുപത്രി കെട്ടിടത്തിന്റെ ഒക്യുപ്പെൻസി മാറ്റാതെ കെട്ടിടത്തിൽ ഹൈപ്പർമാർക്കറ്റ് അനധികൃതമായി പ്രവർത്തിക്കുന്നു | 1-12 |
| 15 | കമ്മ്യൂണിറ്റി ഹാൾ കം കല്ല്യാണ മണ്ഡപം - നടത്തിപ്പിലെ അപാകതൾ | 1-13 |
| 16 | റോഡുകൾ എണ്ണം, തരം - റോഡ് മാസ്റ്റർ , ആസ്തി രജിസ്റ്റർ കണക്കുകളിൽ വ്യത്യാസം - നികുതി നഷ്ടത്തിന് സാധ്യത | 1-14 |
| 17 | FTE&OS ലൈസൻസ്- അപാകതകൾ | 1-15 |
| 18 | വാതിൽപ്പടി സേവനം - അക്കൗണ്ട് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-16 |
| 19 | അക്രഡിറ്റഡ് ഏജൻസി വഴി നടപ്പിലാക്കുന്ന പ്രവർത്തികൾക്ക് നൽകുന്ന അഡ്വാൻസ് തുക അഡ്വാൻസ് റജിസ്റ്ററിൽ ചേർത്തുന്നില്ല. | 1-17 |
| 20 | ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം നിർമ്മാണം പൂർത്തിയാക്കി - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. | 1-18 |
| 21 | കൃത്യമായ ആസ്തി സംരക്ഷണ പദ്ധതികൾ ഇല്ലാത്തതിനാൽ റോഡ് മെയിന്റനൻസിന് ഗ്രാമ പഞ്ചായത്തിന് അധിക ചെലവ് വരുന്നു | 1-19 |
| 22 | കുഴൽ കിണർ നിർമ്മാണം -അടിസ്ഥാന ആവശ്യങ്ങൾക്കുള്ള പദ്ധതികൾ | 1-20 |

| | | |
|---|---|---|
| | നടപ്പിലാക്കുന്നതിൽ വീഴ്ച | |
| 23 | സ്ഥലം ലഭ്യമായിട്ടും ബഡ്സ് സ്കൂളിന് കെട്ടിടം നിർമ്മിക്കാതെ ഫണ്ട് പാഴാക്കുന്നു | 1-21 |
| 24 | കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ - തുക ചെലവഴിച്ചതിനുള്ള രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-22 |
| 25 | ആസ്തി സംരക്ഷിക്കുന്നതിൽ വീഴ്ച | 1-23 |
| 26 | എൻ ആർ ഇ ജി എസ്- അപാകതകൾ | 1-24 |
| 27 | അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലെ സ്റ്റോക്ക് റജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകത | 1-25 |
| 28 | എം.ബുക്ക് സ്റ്റോക്ക് റജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകതകൾ | 1-26 |
| 29 | ഗ്രാമ പഞ്ചായത്ത് ഓഫീസ് മെയിന്റനൻസ് പ്രവൃത്തികൾ നടപ്പിലാക്കുന്നതിലെ അപാകതകൾ | 1-27 |
| 30 | എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ പൂർണ്ണമായി തയ്യാറാക്കുന്നില്ല. | 1-28 |
| 31 | നഗര സഞ്ചയ ഫണ്ട് ഉപയോഗിക്കാത്തതിനാൽ തിരിച്ചെടുത്തു | 1-29 |
| 32 | പഞ്ചായത്ത് ഓഫീസിലും അങ്കണവാടികളിലും കുടിവെള്ള സൗകര്യമൊരുക്കൽ - അപാകതകൾ | 1-30 |
| 33 | ബയോമാസ് ഷ്രെഡ്ഡിങ്ങ് യൂണിറ്റ് ലഭ്യമായിട്ടും സ്ഥാപിച്ചില്ല | 1-31 |
| 34 | ജി.ഐ.എസ് മാപ്പിങ്ങ് - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1-32 |
| 35 | കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും മെയിന്റനൻസ് - സ്റ്റോക്ക് സംബന്ധിച്ച് കൃത്യമായ വിവരങ്ങളില്ല | 1-33 |
| 36 | സംയുക്ത പരിശോധന നടത്താതെ വെള്ളക്കരം അടവാക്കുന്നു | 1-34 |
| 37 | തെരുവുവിളക്കുകൾ സംബന്ധിച്ച് കൃത്യമായ വിവരങ്ങളില്ല | 1-35 |
| 38 | സർക്കാർ നിർദ്ദേശം പാലിക്കാതെ യൂണിഫോം അലവൻസ് നൽകി | 1-36 |
| 39 | ചട്ടങ്ങൾ പാലിക്കാതെ യാത്രാ ബത്ത അനുവദിച്ചു | 1-37 |
| 40 | മഴക്കാലപൂർവ്വ ശുചീകരണം - ചെലവ് രേഖകൾ ഹാജരാക്കിയില്ല | 1-38 |
| 41 | ബയോ കമ്പോസ്റ്റർ ബിൻ വിതരണം - തുടർ നിരീക്ഷണമില്ല | 1-39 |
| 42 | മാറ്റി വയ്ക്കപ്പെട്ട ശമ്പളവിഹിതം സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി തിരികെ നൽകി | 1-40 |
| 43 | ധനസഹായം കൈപ്പറ്റി പ്രവൃത്തി പൂർത്തികരിക്കാത്ത ഗുണഭോക്താവിൽ നിന്ന് തുക തിരികെ ഈടാക്കിയില്ല | 1-41 |
| 44 | ഹരിതകർമ്മസേന – ബെയിലിങ്ങ് മെഷീൻ പ്രവർത്തനരഹിതം | 1-42 |
| 45 | ഇരട്ടലക്ഷം വീട് ഒറ്റവീടാക്കൽ - പദ്ധതിയുടെ ഗുണം ലഭിച്ചത് വളരെ കുറച്ച് പേർക്ക് മാത്രം | 1-43 |
| 46 | ഐ.കെ.എമ്മിന് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രമില്ല | 1-44 |

| | | |
|---|---|---|
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

ഏറാമല ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ബജറ്റ് 19.02.2021 തീയതിയിലെ 57/21 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. 2021-22 ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുൻബാക്കി | 33,25,928 |
| വരവ് | 20,16,23,000 |
| ആകെ | 20,49,48,928 |
| ചെലവ് | 20,01,90,000 |
| നീക്കിയിരിപ്പ് | 47,58,928 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 25.04.2022 |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

ഏറാമല ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. 2021-22 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിലെ ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് ജോയിന്റ് വെഞ്ച്വർ ഇനത്തിൽ (റവന്യൂ, ക്യാപിറ്റൽ) 63,96,625/- രൂപ നീക്കിയിരിപ്പുണ്ട്. വാർഷികകണക്ക് ബി-17 ഷെഡ്യൂൾ പ്രകാരം ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിൽ (Treasury SpecialTSB-JointVenture) 10,00,000/- രൂപയാണ് നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത്. ഈ വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

2. വസ്തു നികുതി ഇ-പെയ്മെന്റ് സൗകര്യം ഉപയോഗിച്ച് നികുതി അടവാക്കുന്ന നികുതിദായകരുടെ മുഴുവൻ നികുതി തുകയും ഗ്രാമപഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ (എസ്.ബി.ഐ, ഓർക്കാട്ടേരി, ഇ-പെയ്മെന്റ് അക്കൗണ്ട് നം.67390728082) ക്രഡിറ്റ് ആകുന്നില്ല. ഇ-പെയ്മെന്റ് റസീപ്റ്റ് സ്റ്റേറ്റ്മെന്റ്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ ഓൺലൈനായി അടവാക്കിയ താഴെ പറയുന്ന തുകകൾ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ആയിട്ടില്ല.

| ഇ-പെയ്മെന്റ് തീയതി | തുക |
|---|---|

| | |
|---|---|
| 04.02.2022 | 1480 |
| 07.02.2022 | 3665 |
| 08.02.2022 | 4681 |
| 10.02.2022 | 977 |
| 14.02.2022 | 2652 |
| 25.02.2022 | 1441 |
| 02.03.2022 | 2001 |
| 05.03.2022 | 2480 |
| 09.03.2022 | 1147 |
| 14.03.2022 | 2832 |

2022 ഫെബ്രുവരി, 2022 മാർച്ച് മാസങ്ങളിലെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകളിൽ മേൽ തുകകളുടെ വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

3. 2021-22 വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് (RP-4) ഷെഡ്യൂൾ പ്രകാരം Permit Fee For Construction Of Buildings ഇനത്തിൽ 769741/- രൂപയും Building Regulariisation Fee ഇനത്തിൽ 769741 രൂപയും വരവുണ്ട്. എന്നാൽ പെർമിറ്റ് രജിസ്റ്ററിൽ പേജ് തിരിച്ചുള്ള വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4. 2021-22 വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-43 പ്രകാരം Recievables For Property Tax On Non Residential Buildings (Arrear) 1,25,456/- രൂപയാണ് കളക്ഷൻ. 2020-21 വർഷത്തെ ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂൾ പ്രകാരം ഈ ഇനത്തിൽ കുടിശ്ശിക കാണിച്ചിട്ടുള്ളത് 1,33,098/ - രൂപ ആണ്. എന്നാൽ 2021-22 ബാലൻസ് ഷീറ്റ് B-15 പ്രകാരം വസ്തു നികുതി(നോൺറസിഡൻഷ്യൽ) അരിയർ ഇനത്തിൽ 1,278/- രൂപ പിരിച്ചെടുക്കാൻ ബാക്കിയുള്ളതായി കാണിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ 7642 (133098-125456) രൂപയാണ് പിരിച്ചെടുക്കാൻ ബാക്കിയുണ്ടാവേണ്ടത്. വസ്തു നികുതി കുടിശ്ശിക കണക്കിലെ അപാകത വിശദീകരിക്കേണ്ടതാണ്.

5. 2021-22 വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-43 പ്രകാരം Rent Recievables From Buildings (Arrear) 70,656/- രൂപയാണ്. 2020-21 വർഷത്തെ ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂൾ പ്രകാരം ഈ ഇനത്തിൽ കുടിശ്ശിക കാണിച്ചിട്ടുള്ളത് 1,36,402/- രൂപ ആണ്. എന്നാൽ 2021-22 ബാലൻസ് ഷീറ്റ് B-15 പ്രകാരം Rent Recievable From Buildings (Arrear) ഇനത്തിൽ 55,026/-

രൂപ പിരിച്ചെടുക്കാൻ ബാക്കിയുള്ളതായി കാണിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ 65746 (136402-70656) രൂപയാണ് പിരിച്ചെടുക്കാൻ ബാക്കിയുണ്ടാവേണ്ടത്. വാടക കുടിശ്ശിക കണക്കിലെ അപാകത വിശദീകരിക്കേണ്ടതാണ്.

6. ഡെപ്പോസിറ്റ് ഇനത്തിൽ 2020-21 ബാലൻസ് ഷീറ്റ് B7 ഷെഡ്യൂളിലെ തുക + (2021-22 വർഷം ലഭിച്ച തുക RP-34 വരവ് ഭാഗം) - (2021-22 വർഷത്തെ ചെലവ് RP-34 ചെലവ് ഭാഗം) ചെയ്താൽ ലഭിക്കുന്ന തുകയായ 27,29,760 രൂപയും 2021-22 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B7 ഷെഡ്യൂളിലെ തുകയായ 24,40,331/- രൂപയും വ്യത്യാസപ്പെട്ടിരിക്കുന്നു.

7. വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-14 സ്റ്റേറ്റ്മെന്റ് പ്രകാരം 42,560/- രൂപയുടെ സ്റ്റോർസ് 2021-22ൽ നീക്കിയിരിപ്പുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ സംക്ഷിപ്തം കൃത്യമായി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

8. 2021-22 വർഷത്തെ ഐ.കെ.എം ചെലവ് പത്രിക പ്രകാരം പ്രോജക്ട് നമ്പർ 113/21-22 ഗൃഹാങ്കണ പച്ചക്കറി കൃഷി ഗ്രോബാഗിൽ എന്ന പദ്ധതിയിൽ വികസന ഫണ്ടിൽ(ജനറൽ) നിന്ന് 1,55,937/- രൂപ ആഗ്രോ സർവീസ് സെന്റർ വടകരയ്ക്ക് നൽകിയിട്ടുണ്ട്( ബിൽ നമ്പർ 351, തീയതി-29.03.2022). എന്നാൽ മേൽ തുക സ്ഥാപനത്തിന്റെ അക്കൗണ്ടിൽ നാളിതുവരെ ക്രഡിറ്റ് ആയിട്ടില്ല.

9. സ്ഥാപനത്തിലെ തൊഴിലുറപ്പ് വിഭാഗത്തിൽ നിന്ന് ലഭ്യമായ ചെലവ് കണക്കുകളും വാർഷിക ധനകാര്യ പത്രിക I-6 ഷെഡ്യൂൾ പ്രകാരമുള്ള ചെലവ് കണക്കുകളും പൊരുത്തപ്പെടുന്നില്ല.

10. സ്ഥാപനത്തിലെ ലോൺ രജിസ്റ്റർ പ്രകാരം മത്സ്യ മാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ലക്സ് ലോണിൽ 3491308/- രൂപയും ലൈഫ് ഭവന പദ്ധതി ലോണിൽ 9901922/- രൂപയും ആകെ 1,33,93,230/- രൂപയാണ് വർഷാവസാനം തിരിച്ചടയ്ക്കാനുള്ളത്. എന്നാൽ വാർഷിക കണക്ക് B-5 പ്രകാരം രണ്ട് KURDFC ലോണുകളിലുമായി 1,33,93,955/- രൂപയാണ് തിരിച്ചടയ്ക്കാനുള്ളത്.

11. വാർഷിക കണക്ക് RP-7ലെ മുനിസിപ്പൽ കോർപ്പറേഷനിൽ നിന്നും ലഭിച്ച തുകയുടെ വിവരവും RP-31 ലെ ബ്ലോക്ക്, ജില്ലാ വിഹിതത്തിന്റെ വിവരവും പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കാത്തതിനാൽ കൃത്യത ഉറപ്പുവരുത്തായനായില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,32,18,218.53 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 9,18,88,636 |
| ആകെ | 11,51,06,854.53 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 8,61,80,595 |
| നീക്കിയിരിപ്പ് | 2,89,26,259.53 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 1,77,46,134 | 1,77,46,134 | 1,77,46,134 | - |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 16,79,447 | 16,79,447 | 16,75,666 | 3,781 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 1,63,62,000 | 1,63,62,000 | 1,01,52,264 | 62,09,736 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 63,43,161 | 63,43,161 | 19,89,084 | 43,54,077 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് (ട്രഷറി മുഖേന) | 0 | 18,50,104 | 18,50,104 | 10,57,519 | 7,92,585 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് (PFMSമുഖേന) | 0 | 38,71,384 | 38,71,384 | 37,86,298 | 85,086 |
| സെൻട്രൽ | 0 | 48,54,264 | 48,54,264 | 11,49,753 | 37,04,511 |

| | | | | | |
|---|---|---|---|---|---|
| ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (ട്രഷറി മുഖേന) | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (PFMS മുഖേന) | 0 | 56,47,000 | 56,47,000 | 14,06,819 | 42,40,181 |
| ദുരിതാശ്വാസനിധി | 1,37,346 | 5,494 | 1,42,840 | - | 1,42,840 |
| എം.പി.ഫണ്ട് | 1,43,245 | 4,199 | 1,47,444 | - | 1,47,444 |

### 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ ഏറാമല ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

1)ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), മെയിന്റനൻസ് ഫണ്ട്(റോഡ്) മെയിന്റനൻസ് ഫണ്ട്(നോൺറോഡ്) എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 7,30,13,267 | 2,11,22,600 |
| വികസനഫണ്ട് (എസ്.സി.പി) | 54,83,667 | 17,19,667 |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 1,75,62,000 | 1,63,62,000 |
| മെയിന്റനൻസ് ഫണ്ട്(നോൺറോഡ്) | 79,37,205 | 63,43,161 |

2) വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), മെയിന്റനൻസ് ഫണ്ട് (റോഡ്), മെയിന്റനൻസ് ഫണ്ട് (നോൺറോഡ്) ഇനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുക രേഖപ്പെടുത്തിയതിന് ആധികാരികതയില്ല. ആയവ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 178 | 101396818 | 125 | 57076510 | -- | 53 | 70.22% |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷിഓഫീസർ | 11 | 9 | 4146490 | 3213372 | 77.49% |
| വെറ്ററിനറി സർജൻ | 4 | 4 | 2929550 | 2689194 | 91.79% |
| മെഡിക്കൽ ഓഫീസർ) (സി.എച്ച്.സി) | 2 | 2 | 980000 | 960347 | 97.99% |
| മെഡിക്കൽ ഓഫീസർ) (ആയുർവ്വേദം) | 1 | 1 | 1000000 | 1000000 | 100% |
| അസിസ്റ്റന്റ് എഞ്ചിനീയർ | 100 | 56 | 55630307 | 21266687 | 38.22% |
| വില്ലേജ് എക്സ്റ്റൻഷൻ | 15 | 14 | 12827934 | 7421715 | 57.85% |

| | | | | | |
|---|---|---|---|---|---|
| ഓഫീസർ | | | | | |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 6 | 7183310 | 6938834 | 96.59% |
| സെക്രട്ടറി | 28 | 24 | 13133802 | 11033968 | 84.01% |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 1360000 | 1360000 | 100% |
| അസി.സെക്രട്ടറി | 7 | 7 | 1985660 | 1177193 | 59.82% |
| സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 219765 | 15200 | 6.91% |
| | 178 | 125 | 101396818 | 57076510 | 56.29% |

ഡി.പി.സി. അഗീകാരം ലഭിച്ച 178 പ്രോജക്ടുകളിൽ 125 എണ്ണം ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 10,13,96,818/- രൂപ വകയിരുത്തിയതിൽ 5,70,76,510/- രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 720818 | 1286990 | 2007808 | 2007777 | 31 |
| ഗുണഭോക്താക്കൾക്ക് നല്കുന്ന തുക | 0 | 34945780 | 34945780 | 34945780 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 1,12,71,800 | 766 |
| വിധവാ പെൻഷൻ | 2,31,96,600 | 1539 |
| വാർദ്ധക്യകാല പെൻഷൻ | 4,19,53,600 | 3149 |
| വികലാംഗ പെൻഷൻ | 61,81,400 | 420 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 16,66,800 | 111 |
| വിവാഹ ധനസഹായം | 2,10,000 | 7 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.03.2023 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.പരിശോധനയിൽ 15676 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ അഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിലെയും കൈമാറികിട്ടിയ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ പേരും വിലാസവും രേഖപ്പെടുത്തി സൂക്ഷിക്കേണ്ട ഇൻകുമ്പൻസി മാസ്റ്റർ രജിസ്റ്റർ എഴുതി കൃത്യമായി സൂക്ഷിച്ചിട്ടില്ല. മുൻകാല ഓഡിറ്റു റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഊർജിതമായ നടപടികൾ ഉണ്ടാവേണ്ടിയിരിക്കുന്നു. 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 16.03.2022 ന് സ്ഥാപനത്തിന് ലഭിച്ചെങ്കിലും ഓഡിറ്റ് തിയ്യതി വരെ മറുപടി നൽകിയിട്ടില്ല. അനധികൃത കെട്ടിടനിർമാണ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. മയ്യഴിപ്പുഴയുടെ തീരം ഉള്ള ഗ്രാമപഞ്ചായത്താണെങ്കിലും പുഴ പുറമ്പോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഭൂസ്വത്തുക്കളുടെ വിവരങ്ങൾ കാണിക്കുന്ന രജിസ്റ്ററിലെ വിവരങ്ങളും ആസ്തി രജിസ്റ്ററിലെ ഭൂമി സംബന്ധിച്ച വിവരങ്ങളും

പൊരുത്തപ്പെടുന്നില്ല. ഭൂസ്വത്തുക്കൾക്ക് നികുതി ഒടുക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ മുൻകൂറുകൾ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. തെരുവ് വിളക്ക് രജിസ്റ്ററിലെ വിവരങ്ങൾ മേലുദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിളക്കുകളുടെ എണ്ണം,തരം എന്നിവയിൽ കൃത്യത വരുത്തിയിട്ടില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിലെ സഞ്ചയ റിപ്പോർട്ടുകൾ പ്രകാരമുള്ള വാണിജ്യ കെട്ടിടങ്ങളുടെ എണ്ണം 2860 ആണ്. ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നവ 744 എണ്ണം മാത്രമാണ്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ധാരാളം സ്ഥാപനങ്ങൾ ഉള്ളതായി കാണുന്നു. കമ്മ്യൂണിറ്റി ഹാൾ റെന്റ് രജിസ്റ്റർ പൂർണമല്ല. ബുക്കിംഗ് രജിസ്റ്റർ പ്രത്യേകമായി സൂക്ഷിക്കുന്നില്ല. പെർമിറ്റ് രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

സെക്രട്ടറി തയ്യാറാക്കി സൂക്ഷിച്ച അളവു പുസ്തകങ്ങളുടെ എണ്ണം സംബന്ധിച്ച സ്റ്റോക്ക് രജിസ്റ്ററിലെ മുൻബാക്കി, വരവ്, നീക്കിയിപ്പ് എന്നിവ പൊരുത്തപ്പെടുന്നില്ല. അസിസ്റ്റന്റ് എഞ്ചിനീയർ, തൊഴിലുറപ്പ് എ.ഇ എന്നിവർ അളവ് പുസ്തകങ്ങൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. സ്യൂട്ട് രജിസ്റ്ററിൽ കേസുകളുടെ നിലവിലെ സ്ഥിതി സംബന്ധിക്കുന്ന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. സ്യൂട്ട് രജിസ്റ്റർ മേലുദ്യോഗസ്ഥർ പരിശോധിക്കുന്നില്ല. ആഭ്യന്തര നിയന്ത്രണം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കേണ്ടതാണ്.

**1-10 250 ചതുരശ്ര മീറ്ററിനു മുകളിൽ വിസ്തൃതിയുള്ള പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടങ്ങളുടെ തറ നിർമ്മിതി പരിശോധിച്ച് വസ്തു നികുതി വർദ്ധനവ് വരുത്തുന്നില്ല**

1994 – ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 23, 2011 – ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ പ്രകാരം അതതു ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി ചുമത്തുന്നതിനെ കുറിച്ച് പ്രതിപാദിക്കുന്നു.

പ്രസ്തുത ചട്ടങ്ങളിലെ പട്ടിക 6 കെട്ടിടത്തിന്റെ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി ഇളവ്/വർദ്ധനവിനെ കുറിച്ചാണ്. ഇതിൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക് 15% വർധനവുണ്ട്.

ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം ഫോറം 6 പ്രകാരം പരിശോധിച്ചതിൽ താഴെപറയുന്ന 250 ചതുരശ്ര മീറ്ററിനു മുകളിൽ പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടങ്ങൾക്ക് തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ നികുതി വർദ്ധനവ് വരുത്തിയതായി കാണുന്നില്ല.

| കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര്, വിലാസം | കെട്ടിടത്തിന്റെ വിസ്തീർണ്ണം | ഉപയോഗക്രമം |
|---|---|---|---|

| | | | |
|---|---|---|---|
| 386/C | അബ്ദുള്ള ചാറ്റുവയൽ, ഏറാമല വില്ലേജ് | 281.76 | പാർപ്പിടാവശ്യം |
| 123/C | രാധ, പ്രസീത, പ്രമീള, പ്രിയങ്ക, പ്രജിത്ത് | 263.81 | പാർപ്പിടാവശ്യം |
| 439/A | അബ്ദുൾ നിസാർ | 255.95 | പാർപ്പിടാവശ്യം |
| 145/B | ആദിയൂർ വെസ്റ്റ് | 274.23 | പാർപ്പിടാവശ്യം |
| 198/B | ജസീല ഷാനി | 262.7 | പാർപ്പിടാവശ്യം |

വസ്തുനികുതി നിർണ്ണയം സംബന്ധിച്ചുള്ള സെക്രട്ടറിയുടെ ചുമതലകളിൽ (ചട്ടം 12.8) ഏതൊരു കെട്ടിടത്തെ സംബന്ധിച്ചും ബന്ധപ്പെട്ട സ്ഥലത്ത് പോയി വിവരങ്ങൾ ശേഖരിച്ച് അന്വേഷണം നടത്തുവാൻ സെക്രട്ടറി ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതാണ്. കൂടാതെ ചട്ടങ്ങൾക്ക് അനുസൃതമായി വസ്തുനികുതി നിർണ്ണയം നടത്തേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്.

250 ചതുരശ്ര മീറ്ററിനു മുകളിലുള്ള കെട്ടിടങ്ങൾ പരിശോധിച്ച് തറ നിർമ്മിതി സാധാരണ തറയാണോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അല്ലാത്ത പക്ഷം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി/ ഇറ്റാലിയൻ മാർബിൾ/ ഗ്രാനൈറ്റ്/ തുടങ്ങിയവയ്ക്ക് ചുമത്താവുന്ന 15% വർധന ചുമത്തി നികുതി നിർണയിച്ച് ഉയർന്ന നിരക്കിലുള്ള നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.3/21-22, തീ-09.03.23) ലഭ്യമാക്കിയ മറുപടിയിൽ സ്ഥലപരിശോധന നടത്തി മേൽ കെട്ടിടങ്ങൾക്ക് വർദ്ധനവ് വരുത്തേണ്ടതാണോയെന്ന് പരിശോധിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-11 ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

ഇതേ ചട്ടങ്ങളിലെ ചട്ടം 2(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ

കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തു നികുതി ചുമത്തേണ്ടതുമാണ് എന്നാണ് നിഷ്കർഷിക്കുന്നത്.

മേൽ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 40 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 60 രൂപ നിരക്കിലുമാണ് വസ്തു നികുതി നിശ്ചയിച്ചിരിക്കുന്നത്.

എന്നാൽ ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ പൂർണ്ണമായും വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്.

| കെട്ടിട നം | പേര്, വിലാസം | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | ഗ്രാമപഞ്ചായത്ത് 40 രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തു നികുതി (ഇളവ് 10% മേഖല ദ്വിതീയം, വർദ്ധനവ് - 20% വഴി സൗകര്യം) |
|---|---|---|---|
| 9/415 A | സലിം, ഷാഹിദ, പുതിയാടത്തിൽ താമസിക്കും, കാർത്തികപ്പള്ളി | 25.6 $M^2$, താഴത്തെ നില വാണിജ്യം | 1127+ 57 (5% LC) = 1184 |
| 9/415 B | | 25.68 $M^2$, താഴത്തെ നില വാണിജ്യം | 1130+ 57 (5% LC) = 1187 |
| 9/415 C | | 25.68 $M^2$, താഴത്തെ നില വാണിജ്യം | 1130+ 57 (5% LC) = 1187 |
| 9/415 | | 25.68 $M^2$, | 1130+ 57 (5% LC) |

| | | | |
|---|---|---|---|
| D | | താഴത്തെ നില<br>വാണിജ്യം | = 1187 |
| 9/415<br>E | | 25.59 $M^2$,<br>താഴത്തെ നില<br>വാണിജ്യം | 1126+ 57 (5% LC)<br>= 1183 |
| 9/415<br>F | | 26.24 $M^2$,<br>താഴത്തെ നില<br>വാണിജ്യം | 1155+ 58 (5% LC)<br>= 1213 |
| | ആകെ | 154.47 | 7141 |
| കെട്ടിടത്തിന് നിർണ്ണയിക്കേണ്ട നികുതി നിരക്ക് 60/- രൂപ<br>ആകെ തറവിസ്തീർണ്ണം- 154.47ച.മീ<br>154.47x 60 = 9268.2 + (ഇളവ് 10% മേഖല ദ്വിതീയം, 20% വഴിസൗകര്യം വർദ്ധനവ്)<br>= 10194+510 = 10704<br>ആകെ തറവിസ്തീർണ്ണത്തന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട നികുതി - 10704<br>ഈടാക്കിയ നികുതി - 7141<br>നിർണ്ണയിച്ച നികുതികൾ തമ്മിലുള്ള വ്യത്യാസം 3563 | | | |

ഒരേ ഉപയോഗക്രമത്തിന് ഉപയോഗിക്കുന്ന റൂമുകളെല്ലാം ചേർത്ത് ഒറ്റ കെട്ടിടമായി പരിഗണിച്ച് നികുതി ഈടാക്കാതെ മേൽ വിവരിച്ച പ്രകാരം നികുതി നിർണ്ണയിച്ചതിലൂടെ നികുതി ഇനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗമെന്ന നിലയിൽ കെട്ടിട നികുതി കണക്കാക്കുന്നതിൽ അപാകതകൾ ഒഴിവാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. വാണിജ്യാവശ്യത്തിനു പയോഗിക്കുന്ന മേൽ പരാമർശിച്ച കെട്ടിടത്തിന്റെ സ്ഥല പരിശോധന നടത്തി നികുതി സഞ്ചയ സോഫ്റ്റ്‌വെയറിൽ പുനർനിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-12 ആശുപത്രി കെട്ടിടത്തിന്റെ ഒക്യുപ്പെൻസി മാറ്റാതെ കെട്ടിടത്തിൽ ഹൈപ്പർമാർക്കറ്റ്

അനധികൃതമായി പ്രവർത്തിക്കുന്നു

ഏറാമല ഗ്രാമപഞ്ചായത്തിലെ 14ാം വാർഡിലെ റി.സ നമ്പർ 136/5 ൽപ്പെട്ട സ്ഥലത്ത് നിലനിൽക്കുന്ന 14/473 കെട്ടിടത്തിന്റെ ഉപയോഗക്രമം മാറ്റി നൽകുന്നതിന് ശ്രീ. ഇബ്രാഹിം.കെ.പി എന്നവർ 31.03.2022ന് അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ന്യൂനതകൾ പരിഹരിക്കേണ്ടതാണെന്നും അനധികൃത നിർമ്മാണം പൊളിച്ചുമാറ്റേണ്ടതാണെന്നും കാണിച്ചുകൊണ്ട് ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും 29.04.2021 തീയതിയിലെ എ4-3396/21 നമ്പർ താൽക്കാലിക ഉത്തരവ് നൽകിയിരുന്നു. നിർമ്മാണത്തിന്റെ വിവരവും കെ.പി.ബി.ആർ 2019 പ്രകാരമുള്ള ലംഘനങ്ങളും താഴെ ചേർക്കുന്നു.

1. നിലവിലുള്ള കെട്ടിടത്തോട് ചേർന്ന അധിക നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടില്ല (ചട്ടം 93)

2. സ്ഥലത്തിന്റെ അതിരളവുകൾ സൈറ്റ് പ്ലാൻ പ്രകാരമല്ല യഥാർത്ഥത്തിലുള്ളത്.

3. ഫ്രണ്ട്, സൈഡ്, റിയർ, ഓപ്പൺ സ്പേസുകൾ സൈറ്റ് പ്ലാനിൽ തെറ്റായി കാണിച്ചിരിക്കുന്നു.

4. സാനിറ്റേഷൻ ഫെസിലിറ്റി പ്ലാനിൽ കാണിച്ചത് പ്രകാരം സൈറ്റിൽ ലഭ്യമല്ല.

5. കെട്ടിടത്തിന്റെ മുൻവശത്ത് കാണിച്ചിട്ടുള്ള റാംപ് നിർമ്മാണം നടത്തിയിട്ടില്ല(ചട്ടം 42(3))

6. ഗ്രൗണ്ട് ഫ്ലോറിൽ സ്റ്റെയർ നിർമ്മാണം നടത്തിയത് പ്രകാരമല്ല പ്ലാനിൽ കാണിച്ചിച്ചിട്ടുള്ളത്.

7. ഗ്രൗണ്ട് ഫ്ലോറിൽ സ്റ്റെയർ ലാന്റിംഗ് വിഡ്ത്ത് ആവശ്യമായത് ലഭ്യമല്ല(ചട്ടം 35(3))

8. സ്റ്റെയറിന്റെ ഹെഡ് റൂം ഉയരം ആവശ്യമായത് ലഭ്യമല്ല (ചട്ടം 35(4))

9. നിർമ്മാണം നടത്തിയിട്ടുള്ള ഫയർ സ്റ്റെയറിന്റെ സപ്പോർട്ട് പ്ലോട്ട് ബൗണ്ടറിയിലാണ് നിർമ്മിച്ചിട്ടുള്ളത് (ചട്ടം 26)

10. സ്ഥലത്തിന്റെ തരം നിലമാണ്. തരം മാറ്റിയ ഉത്തരവ് അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടില്ല.

11. ഒന്നാം നില, രണ്ടാം നില, എന്നിവയുടെ സ്റ്റെയർ ലാന്റിംഗ് വിഡ്ത്ത് ആവശ്യമായത് ലഭ്യമല്ല (ചട്ടം 35(3))

12. സർവീസ് പ്ലാനിൽ കാണിച്ചത് പ്രകാരം മഴവെള്ളസംഭരണി നിർമ്മാണം നടത്തിയിട്ടില്ല. (ചട്ടം 93).

13. പ്രസ്തുത സ്ഥലത്ത് ഏക്സസ് ആയി പ്ലാനിൽ കാണിച്ചിച്ചിട്ടുള്ള കുറഞ്ഞ വീതി സ്ഥലത്ത് ലഭ്യമല്ല.

14. അപേക്ഷകന്റെ സ്ഥലം പ്രത്യേകം പെഗ് മാർക്ക് ചെയ്യുകയോ അതിരിടുകയോ ചെയ്തിട്ടില്ല

15. നേരത്തെ നിർമ്മാണം നടത്തിയ കെട്ടിടത്തിന്റെ സ്ലാബ് മുറിച്ചുമാറ്റി അരികിൽ തന്നെ ലാറ്ററൈറ്റ് ചുവർ നിർമ്മാണം നടത്തിയിട്ടുണ്ട്.

16. രണ്ടാം നിലയിൽ പ്ലാനിൽ കാണിച്ചിട്ടുള്ള സോളാർ പാനൽ സ്ഥാപിച്ചിട്ടില്ല

17. പാർക്കിംഗ് പ്ലാൻ പ്രകാരമുള്ള പാർക്കിംഗ് പ്രായോഗികമല്ല (ചട്ടം 29(4)(1))

18. ടെറസ്സ് ഫ്ലോറിൽ ഷീറ്റ് റൂഫ് നിർമ്മാണം നടത്തിയിട്ടുണ്ട് (ചട്ടം 4)

19. ആവശ്യമായ ലോഡിംഗ്, അൺലോഡിംഗ് എന്നിവ കാണിച്ചിട്ടില്ല (ചട്ടം 29(7))

07.05.2021 ന് ശ്രീ. ഇബ്രാഹിം.കെ.പി സമർപ്പിച്ച എ4.3968/21 നമ്പർ മറുപടി തൃപ്തികരമല്ലാത്തതിനാലും അപേക്ഷകനെ നേരിൽ കേൾക്കണമെന്ന് അപേക്ഷയിൽ സൂചിപ്പിച്ചതിനാലും 27.05.2021 ന് ഹിയറിംഗ് നടത്തുകയും ന്യൂനതകൾ പരിഹരിച്ച് രേഖകൾ ഹാജരാക്കുന്നതിന് 03.06.2021 വരെ സമയം അനുവദിക്കുകയും ചെയ്തു. എന്നാൽ അപേക്ഷകന്റെ ഭാഗത്തുനിന്നും മറുപടിയൊന്നും ലഭിക്കാത്തതിനാൽ 7 ദിവസത്തിനകം മറുപടി ലഭ്യമാകാത്ത പക്ഷം താങ്കൾക്കൊന്നും തന്നെ ബോധിപ്പിക്കാനില്ലെന്ന നിഗമനത്തിൽ 29.04.2021 ലെ താൽക്കാലിക ഉത്തരവ് സ്ഥിരപ്പെടുത്തുന്നതാണെന്ന് അറിയിച്ചു. മേൽ തീയതി വരെ രേഖകളൊന്നും സമർപ്പിക്കാത്തതിനാൽ അന്തിമ ഉത്തരവ് സ്ഥിരപ്പെടുത്തുന്നതായിരിക്കും എന്നറിയിച്ച് ഓർമ്മക്കുറിപ്പ് നൽകുകയും 17.06.2021 തീയതിയിൽ ഉത്തരവ് സ്ഥിരപ്പെടുത്തുകയും ചെയ്തു. 24.05.2021 ന് ശ്രീ. ഇബ്രാഹിം.കെ.പി പഞ്ചായത്ത് ഭരണസമിതി മുമ്പാകെ ഡീംഡ് ഒക്യൂപെൻസി സംബന്ധിച്ച് അപ്പീൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത അപ്പീൽ 21.06.2021 ന് ഭരണസമിതിയോഗം പരിശോധിക്കുകയും 1994 ലെ കേരള പഞ്ചായത്ത് രാജ് 235(W) 2(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ നോട്ടീസിനെതിരെ അപ്പീൽ പരിഗണിക്കാൻ ഗ്രാമപഞ്ചായത്ത് ഭരണസമിതിക്ക് അധികാരമില്ലെന്ന സെക്രട്ടറിയുടെ നിർദ്ദേശം പരിഗണിക്കാതെ ഒക്ക്യൂപ്പെൻസി മാറ്റി നൽകുന്നതിന് 109 നമ്പർ പ്രകാരം തീരുമാനം എടുക്കുകയുണ്ടായി. പ്രസ്തുത തീരുമാനം പുനപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് സെക്രട്ടറി ഭരണസമിതിക്ക് സമർപ്പിച്ച കത്ത് തൊട്ടടുത്ത യോഗത്തിൽ അജണ്ടയായി ഉൾപ്പെടുത്തി ചർച്ച ചെയ്തെങ്കിലും പ്രസ്തുത പുനരവലോകന ഹർജി അടിസ്ഥാനരഹിതമാണെന്നും ആയതിനാൽ നിരസിക്കുന്നതിനുമാണ് 19.07.2021 ലെ ഭരണസമിതിയോഗം തീരുമാനിച്ചത്. മുൻ തീരുമാനത്തിൽ ഉറച്ചു നിൽക്കുന്നതിനുള്ള ഭരണസമിതി തീരുമാനം പഞ്ചായത്ത് രാജ് നിയമപ്രകാരം നൽകപ്പെട്ട അധികാരസീമ ലംഘിക്കുന്നതാകയാൽ പ്രസ്തുത തീരുമാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിന് വിഷയം സർക്കാർ പരിഗണനയ്ക്കായ് സമർപ്പിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഭരണസമിതിയുടെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് ഇനിയൊരു നിർദ്ദേശം ലഭിക്കുന്നതുവരെ നിർത്തിവെക്കേണ്ടതാണെന്ന് അറിയിച്ച് 12.08.2021 ന് (അഡീഷണൽ ചീഫ് സെക്രട്ടറിയുടെ കത്ത് നമ്പർ-ആർസി3/285/2021/തസ്വഭവ.) സർക്കാർ അറിയിപ്പ് ലഭിച്ചു. തുടർന്ന് ഭരണസമിതിയുടെ

21.06.2021 ലെ 109 നമ്പർ തീരുമാനം സ്റ്റേ ചെയ്തുകൊണ്ടും ബഹു. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണലിന് വിഷയം റഫർ ചെയ്ത് സർക്കാർ ഉത്തരവാകുകയും (ജി.ഒ(Rt)No.1590/2021/LSGD തീ-17.08.2021) ചെയ്തിട്ടുണ്ട്. മേൽ കേസ് നടന്നു വരുന്നതിനിടെ കെട്ടിടത്തിൽ ഗ്യാലക്സി ഹൈപ്പർമാർക്കറ്റ് എന്ന സ്ഥാപനം ആഗസ്റ്റ് 2022 മുതൽ അനധികൃതമായ് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 2013 ഒന്നാം അർദ്ധവർഷം മുതൽ കെട്ടിടത്തിന്റെ ഉപയോഗക്രമം ആശുപത്രികൾ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

കേസ് നടന്നു വരുന്നതിനിടെ കെട്ടിടത്തിൽ അനധികൃതമായി ഹൈപ്പർമാർക്കറ്റ് നടത്തിവരുന്നതിനെതിരെ സ്വീകരിച്ച നടപടികളും കെട്ടിടവുമായി ബന്ധപ്പെട്ട കേസിന്റെ പുരോഗതിയും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 കമ്മ്യൂണിറ്റി ഹാൾ കം കല്ല്യാണ മണ്ഡപം - നടത്തിപ്പിലെ അപാകതൾ

ഏറാമല ഗ്രാമപഞ്ചായത്തിന്റെ കമ്മ്യൂണിറ്റി ഹാൾ കം കല്യാണമണ്ഡപം വിവാഹം, സൽക്കാരം, സാമൂഹ്യ രാഷ്ട്രീയ കക്ഷികളുടെ പൊതുപരിപാടികൾ, വിവിധ കലാകായിക സാംസ്കാരിക-സാഹിത്യ പരിപാടികൾ എന്നിവയ്ക്കായി വാടകയ്ക്ക് നൽകുക എന്ന ഉദ്ദേശത്തോടെയാണ് പ്രവർത്തനം ആരംഭിച്ചത്. പൊതുജനങ്ങൾക്ക് സർക്കാരിന്റെ നിയമങ്ങളും ചട്ടങ്ങളും പ്രകാരം വാടകയ്ക്ക് നൽകുന്നതിന് ഏറാമല ഗ്രാമപഞ്ചായത്തിന്റെ 24/06/2015 ലെ 66/15 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച ബൈലോ അംഗീകാരം ലഭിക്കുന്നതിനായ് പഞ്ചായത്ത് ഡയറക്ടർക്ക് 30.11.2015 ന് അയച്ചിരുന്നു. സമർപ്പിച്ച ബൈലോയിലെ ന്യൂനതകൾ ചൂണ്ടിക്കാണിച്ച് പരിഹരിക്കുന്നതിന് 21.03.2016ലെ സി5-7102/16, 21.06.2016ലെ സി5-7102/16 നമ്പർ കത്തുകൾ പ്രകാരം പഞ്ചായത്ത് ഡയറക്ടർ ഏറാമല ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കത്തയച്ചു. ന്യൂനത പരിഹരിച്ചതായി അറിയിച്ചുകൊണ്ട് 21.03.2016ലെ സി5-7102/16 നമ്പർ കത്തിന് മറുപടി 24.04.2016 ലെ ബി2-120/15 നമ്പർ കത്ത് പ്രകാരവും 21.06.2016ലെ സി5-7102/16 നമ്പർ കത്തിന് മറുപടി 04.07.2016 ലെ ബി2-68/15 നമ്പർ കത്ത് പ്രകാരവും പഞ്ചായത്ത് ഡയറക്ടർക്ക് നൽകിയിരുന്നു. തുടർന്ന് 27.10.2016 ന് വീണ്ടും കത്തയച്ചെങ്കിലും നാളിതുവരെ ബൈലോക്ക് അംഗീകാരം ലഭിച്ചിട്ടില്ല.

കമ്യൂണിറ്റി ഹാളിന് വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട് എഴുതി സൂക്ഷിച്ച രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) 2021-22 സാമ്പത്തിക വർഷത്തിൽ കമ്മ്യൂണിറ്റി ഹാൾ വാടക വരവ് ഇനത്തിലെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) അംഗീകാരത്തിന് അയച്ച ബൈലോ പ്രകാരം ബുക്കിംഗ് ചെയ്ത ശേഷം റദ്ദാക്കുകയോ ഹാൾ

ഉപയോഗിക്കാൻ കഴിയാതെ വരുകയോ ചെയ്താൽ മുൻകൂർ വാടകയും ഡെപ്പോസിറ്റും തിരിച്ചു നൽകാൻ പഞ്ചായത്തിന് ബാധ്യത ഉണ്ടായിരിക്കുന്നതല്ല. എന്നാൽ ബുക്കിംഗ് റദ്ദുചെയ്യുവാൻ നിശ്ചയിച്ച തീയതിയുടെ കുറഞ്ഞത് ഒരാഴ്ച (7 പൂർണ്ണദിവസം മുമ്പെങ്കിലും ) അപേക്ഷിച്ചാൽ മുൻകൂർ വാടകയുടെ നാലിൽ ഒരു ഭാഗം കഴിച്ച് ബാക്കി തുക പഞ്ചായത്തിന്റെ അനുമതിയോടെ നൽകുവാൻ സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കും. എന്നാൽ ഈ തരത്തിൽ ഹാൾ ബുക്ക് ചെയ്ത് ക്യാൻസൽ ചെയ്യുന്നതിന്റെയും മുൻകൂർ വാടകയുടെ തിരികെ ഭാഗം നൽകിയതിന്റെയും വിവരങ്ങൾ ബുക്കിംഗ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുന്നില്ല.

3) ഹാൾ ബുക്ക് ചെയ്ത് ഉപയോഗിച്ചശേഷം വാടക ഈടാക്കിയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ചില ആളുകൾക്ക് ഇളവ് നൽകിയതാണോ അതോ വാടക ഈടാക്കാത്തതാണോ എന്ന് വ്യക്തമല്ല.

ഉദാ:- ഡി.കെ.കുഞ്ഞിക്കണ്ണൻ മാസ്റ്റർ( ബുക്കിംഗ് തീയതി-17.12.2021, പരിപാടി നടത്തിയ തീയതി-26.12.2021), ജനറൽ മാനേജർ ഏറാമല ബാങ്ക് ( ബുക്കിംഗ് തീയതി-18.02.2022, പരിപാടി നടത്തിയ തീയതി-13.03.2022) എന്നിവരിൽ നിന്ന് മുൻകൂർ വാടക, ഡെപ്പോസിറ്റ് ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ കമ്യൂണിറ്റിഹാളിന്റെ വരുമാനം വർധിപ്പിക്കാനുള്ള നടപടികൾ ചർച്ച ചെയ്തതായി കാണുന്നില്ല. ബൈലോക്ക് അംഗീകാരം ലഭിക്കുന്നതിനും കമ്യൂണിറ്റിഹാളിന്റെ വരുമാനം വർധിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വാടക രജിസ്റ്ററിൽ മേൽ വിവരിച്ച പ്രകാരമുള്ള എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി പൂർണ്ണമാക്കേണ്ടതാണ്.

## 1-14 റോഡുകൾ എണ്ണം, തരം - റോഡ് മാസ്റ്റർ , ആസ്തി രജിസ്റ്റർ കണക്കുകളിൽ വ്യത്യാസം - നികുതി നഷ്ടത്തിന് സാധ്യത

ഗ്രാമപഞ്ചായത്തിൽ സഞ്ചയ സോഫ്റ്റ്‌വെയറിലെ റോഡ് മാസ്റ്റർ പ്രകാരം രേഖപ്പെടുത്തിയ റോഡുകളുടെ എണ്ണം 186 ആണ്. സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്റർ പ്രകാരം 393റോഡുകൾ സ്ഥാപനത്തിലുണ്ട്.

| റോഡുകൾ എണ്ണം , തരം | ആസ്തി രജിസ്റ്റർ പ്രകാരം | റോഡ് മാസ്റ്റർ പ്രകാരം |
|---|---|---|
| ആകെ റോഡുകളുടെ എണ്ണം | 393 | 186 |
| അഞ്ച് മീറ്ററോ അതിൽ കൂടുതലോ | 29 | 32 |

| | | |
|---|---|---|
| വീതിയുള്ള റോഡുകൾ | | |
| അഞ്ച് മീറ്ററിൽ കുറവും ഒന്നര മീറ്ററിൽ കൂടുതലും വീതിയുള്ള റോഡുകൾ | 363 | 152 |
| ഒന്നര മീറ്ററോ അതിൽ കുറവോ വീതിയുള്ള റോഡുകൾ | 1 | 2 |

ഗ്രാമപഞ്ചായത്തിൽ സഞ്ചയ സോഫ്റ്റ് വെയർ ഉപയോഗിച്ച് നടത്തി വരുന്ന വസ്തുനികുതി നിർണ്ണയത്തിൽ അപാകതയ്ക്ക് സാധ്യതയുണ്ടെന്ന് നികുതി നിർണ്ണയ നടപടിക്രമം പരിശോധിച്ചതിൽ ബോധ്യപ്പെട്ടിട്ടുണ്ട്. സോഫ്റ്റ് വെയറിൽ സ്ഥാപനത്തിലെ 186 റോഡുകളുടെ പേരുവിവരം മാത്രം രേഖപ്പെടുത്തിയതിനാൽ നികുതി നിർണ്ണയിക്കുമ്പോൾ ഓരോ വാർഡിലേയും റോഡുകളുടെ പേരുകൾ ഫീൽഡിൽ ഓപ്ഷനായി വരുന്നില്ല. ചില വാർഡുകളുടെ കാര്യത്തിൽ ഒരു റോഡ് പോലും വരാതിരിക്കുമ്പോൾ ചില വാർഡുകളുടെ കാര്യത്തിൽ ഒന്നോ രണ്ടോ റോഡ് മാത്രം ഓപ്ഷനായി വരുന്നു. ഇത്തരം സാഹചര്യത്തിൽ നികുതി നിർണ്ണയം നടത്തുന്ന ക്ലാർക്കുമാർ 'മറ്റുള്ളവ' എന്ന് ഓപ്ഷൻ തെരഞ്ഞെടുക്കുകയും അവിടെ റോഡിന്റെ പേര് മാന്വലായി രേഖപ്പെടുത്തുകയും ചെയ്യുന്നു. ഇതിനു താഴെയായി വരുന്ന റോഡിന്റെ തരം എന്ന ഫീൽഡിൽ നാലു ഓപ്ഷനുകൾ വരുന്നുണ്ട്. വീതി അഞ്ച് മീറ്ററിന് മുകളിൽ, ഒന്നര മീറ്ററിനും അഞ്ച് മീറ്ററിനും ഇടയിൽ, ഒന്നര മീറ്ററിൽ കുറവ്, പൊതുവഴി ഇല്ലാത്തത് എന്നിവയാണ് ഈ ഓപ്ഷനുകൾ. മിക്ക റോഡുകളും ഒന്നര മീറ്ററിനും അഞ്ച് മീറ്ററിനും ഇടയിൽ എന്ന ഓപ്ഷനാണ് തെരഞ്ഞെടുക്കപ്പെടുന്നതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. റോഡിന്റെ യഥാർത്ഥ വീതി, നീളം എന്നിവ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയതായിരിക്കും എന്നത് ഇവിടെ പ്രസക്തമാണ്. ഇപ്രകാരം റോഡിന്റെ തരം നിശ്ചയിക്കുന്നത് സ്ഥാപനത്തിന് നികുതി നഷ്ടം വർഷാവർഷം സംഭവിക്കുന്നതിനുള്ള സാധ്യതയുണ്ടാക്കുന്നു.

റോഡ് മാസ്റ്റർ, ആസ്തി രജിസ്റ്റർ കണക്കുകളിൽ വ്യത്യാസം പരിശോധിച്ച് നികുതി നിർണ്ണയത്തിലെ അപാകതകൾക്കുള്ള സാധ്യത ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 FTE&OS ലൈസൻസ്- അപാകതകൾ

### 1.FTE&OS ലൈസൻസ് കൂടാതെ നിരവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

സ്വയംഭരണ അധികാരമുള്ള പഞ്ചായത്തിന്റെ ഏതെങ്കിലുമൊരു സ്ഥലം ഫാക്ടറികൾക്കും കച്ചവട സ്ഥാപനങ്ങൾക്കും സംരംഭങ്ങൾക്കും മറ്റു സേവനങ്ങൾക്കും ഉപയോഗിക്കുകയാണെങ്കിൽ സെക്രട്ടറി നല്കുന്ന ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. (കേരള പഞ്ചായത്ത് രാജ്

ആക്ട് വകുപ്പ് 232). സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കേണ്ടതും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പും ലൈസൻസിന് അപേക്ഷിക്കേണ്ടതുമുണ്ട്. പ്രവർത്തിക്കാനാവശ്യമായ ലൈസൻസ് നിശ്ചിത ഫീസീടാക്കിയാണ് (പട്ടിക II, III & IV) പഞ്ചായത്ത് നൽകേണ്ടത് (ചട്ടം 10).

2021-22 വർഷത്തിൽ FTE&OS ലൈസൻസിന്റെ വരവുമായി ബന്ധപ്പെട്ട പരിശോധനയുടെ ഭാഗമായി ഡിമാന്റ് രജിസ്റ്റർ, ലൈസൻസ് അപേക്ഷകൾ, വിവരാവകാശ അപേക്ഷകൾ, അവയ്ക്ക് നൽകിയ മറുപടികൾ , വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ നിന്നും ലൈസൻസ് കൂടാതെ നിരവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| കെട്ടിട നമ്പർ | നിലവിലെ സ്ഥിതി |
|---|---|
| 15/366 | ലൈസൻസ് എടുത്തിട്ടില്ല. |
| 15/367 | ലൈസൻസ് എടുത്തിട്ടില്ല. |
| 15/368 | ലൈസൻസ് എടുത്തിട്ടില്ല. |
| 15/369 | ലൈസൻസ് എടുത്തിട്ടില്ല. |
| 15/370 | ലൈസൻസ് എടുത്തിട്ടില്ല. |
| 15/371 | ലൈസൻസ് എടുത്തിട്ടില്ല. |
| 15/372 | ലൈസൻസ് എടുത്തിട്ടില്ല. |
| 8/3എ | ലൈസൻസ് എടുത്തിട്ടില്ല. |
| EP 8/679 | ലൈസൻസ് എടുത്തിട്ടില്ല. |

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം വാണിജ്യാവശ്യങ്ങൾക്കുള്ള 2860 കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിലുണ്ട്. എന്നാൽ 2021-22 വർഷത്തിലെ ലൈസൻസ് രജിസ്റ്റർ പ്രകാരം 744 പേർ മാത്രമാണ് ഡി.&ഒ. ലൈസൻസെടുത്തിട്ടുള്ളത്. ശേഷിക്കുന്ന 2116 കെട്ടിടങ്ങളിൽ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. പ്രസ്തുത കെട്ടിടങ്ങളിൽ ചിലത് ഒഴിഞ്ഞ് കിടക്കുന്നതിനോ, ഒരു കച്ചവടക്കാരൻ തന്നെ ഒന്നിലധികം കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തുന്നതിനോ സാധ്യത ഉണ്ടെങ്കിലും ആയത് പരിശോധിച്ച് ഉറപ്പിച്ചിട്ടില്ല.

ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ 2021-22 വർഷത്തിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, സെക്ഷൻ 255 പ്രകാരം നടപടികൾ സ്വീകരിക്കുന്നതിൽ

വീഴ്ചയുണ്ടായിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ വർഷങ്ങളായി മേൽ കൊടുത്ത ഉദാഹരണങ്ങൾ ഉൾപ്പെടെ നിരവധി സ്ഥാപനങ്ങൾ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നതിനെതിരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കേണ്ടതാണ്.

2.ഡെയ്ഡേഴ്സ് ലിസ്റ്റ്- പൂർണ്ണമല്ല.

2021-22 സാമ്പത്തിക വർഷത്തിൽ ഡെയ്ഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. തുടർവർഷം തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. കെട്ടിടങ്ങളെ കേന്ദ്രീകരിച്ച് മാത്രമാണ് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്ത് പരിധിയിലെ ഭൂമി ഉപയോഗപ്പെടുത്തി നടത്തപ്പെടുന്ന വ്യാപാരങ്ങളും വ്യവസായങ്ങളും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുമില്ല (കെട്ടിട നിർമ്മാണ വസ്തുക്കൾ സംഭരിച്ച് വില്പന നടത്തുന്നവർ, അഗ്രികൾച്ചറൽ നഴ്സറി തുടങ്ങിയവ).

മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന് ഫീൽഡ് തല അന്വേഷണത്തിലൂടെ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും , 1996 ലെ കേരള പഞ്ചായത്ത് രാജ് (എഫ് ടി ഇ & ഒ എസ്സ് - ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പരിധി യിൽ ഉൾപ്പെടുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്നത് ഉറപ്പ് വരുത്തേണ്ടതുമാണ്. അപാകതകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 വാതിൽപ്പടി സേവനം - അക്കൗണ്ട് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

പ്രായാധിക്യം, ഗുരുതരരോഗം, അതിദാരിദ്ര്യം തുടങ്ങിയ വിവിധ കാരണങ്ങളാൽ അവശത അനുഭവിക്കുന്നവർക്കും അറിവില്ലായ്മയാലും മറ്റു പ്രശ്നങ്ങളാലും അടിസ്ഥാന സർക്കാർ സേവനങ്ങൾ യഥാസമയം ലഭ്യമാകാതിരിക്കുകയും ചെയ്യുന്ന ജനവിഭാഗങ്ങൾക്കും വീട്ടുപടിക്കൽ സർക്കാർ സേവനങ്ങളും ജീവൻരക്ഷാ മരുന്നുകളും എത്തിക്കുവാൻ ലക്ഷ്യമിടുന്ന വാതിൽപ്പടി സേവനപദ്ധതിയുടെ നിർവഹണത്തിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ 31.05.2021ലെ സ.ഉ.(സാധാ) നം.1066/2021 /ത.സ്വ.ഭ.വ പ്രകാരവും അധികമാർഗ്ഗനിർദ്ദേശങ്ങൾ 24.08.2021ലെ സ.ഉ.(സാധാ) നം.1607/2021 /ത.സ്വ.ഭ.വ പ്രകാരവും പുറപ്പെടുവിച്ചിരുന്നു.

മേൽ ഉത്തരവ് പ്രകാരം വാതിൽപ്പടി സേവനപദ്ധതിയുടെ നടത്തിപ്പിനായി തദ്ദേശസ്വയംഭരണ സ്ഥാപന പ്രസിഡന്റ്/ചെയർപേഴ്സൺ/ കമ്മിറ്റി കോ – ഓർഡിനേറ്ററുടെയും പേരിൽ ഒരു സംയുക്ത ബാങ്ക് അക്കൗണ്ട് ആരംഭിക്കണം. വ്യക്തികളിൽ നിന്നുള്ള സംഭാവന, സി.എസ്.ആർ, കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി, സ്പോൺസർഷിപ്പ് എന്നിവയിലൂടെ ധനം സ്വരൂപിക്കുന്നതിന് ഉത്തരവിന്റെ അനുബന്ധം 1 ലെ രസീത് മാതൃക ഉപയോഗപ്പെടുത്തി ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് രസീത് അച്ചടിക്കേണ്ടതുമാണ്. മേൽപ്പറഞ്ഞ രീതിയിൽ സ്വീകരിക്കുന്ന തുക,

തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പ്രത്യേക ഫണ്ടായി ദുരിതാശ്വാസ നിധി അക്കൗണ്ട് ചെയ്യുന്ന രീതിയിൽ സൂക്ഷിക്കേണ്ടതാണ്.

ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് ലഭിച്ച 3976 മുതൽ 3985 വരെയുള്ള 10 റസീത് ബുക്കുകൾ സ്റ്റോക്കിലെടുത്തതായി 08.03.2023 നടത്തിയ ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ടു . ഏറാമല ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ എന്നിവരുടെ പേരിലാണ് സംയുക്ത അക്കൗണ്ട് ( നം. 40212101077081, കേരള ഗ്രാമീൺ ബാങ്ക്) ആരംഭിച്ചിട്ടുള്ളത്. 01.04.2022 മുതൽ 09.03.2023 വരെയുള്ള റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-40(b) ഷെഡ്യൂൾ പരിശോധിച്ചപ്പോൾ 12.05.2022 ന് ആരംഭിച്ച പ്രസ്തുത അക്കൌണ്ട് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു.

സർക്കാർ ഉത്തരവ് പ്രകാരം, തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പ്രത്യേക ഫണ്ടായി, ദുരിതാശ്വാസ നിധി അക്കൗണ്ട് ചെയ്യുന്ന അതേ രീതിയിൽ, ഈ ഫണ്ട് സൂക്ഷിക്കേണ്ടതുള്ളതിനാൽ വാതിൽപ്പടി സേവനപദ്ധതിയ്ക്കായി കേരള ഗ്രാമീണ് ബാങ്കിൽ നിലവിലുള്ള 40212101077081 നമ്പർ അക്കൗണ്ട് ക്ലോസ് ചെയ്ത് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, പ്രസിഡന്റ് എന്നിവരുടെ പേരിൽ ഒരു പുതിയ സംയുക്ത ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതാണ്. വാതിൽപ്പടിസേവന പദ്ധതിക്കായ് അക്കൌണ്ടിൽ അടയ്ക്കുന്ന തുക നീരീക്ഷിക്കുന്നതിന് അക്കൌണ്ട് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. വാതിൽപ്പടി സേവനപദ്ധതിയുടെ കോ – ഓർഡിനേറ്ററായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ അപേക്ഷിക്കുന്നതനുസരിച്ച് ഈ അക്കൗണ്ടിൽ നിന്ന് ആവശ്യത്തിനുള്ള ഫണ്ട് അനുവദിക്കാവുന്നതുമാണ്.

വാതിൽപ്പടി സേവനപദ്ധതി പ്രവർത്തനങ്ങൾ സർക്കാർ നിർദ്ദേശപ്രകാരം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കാത്തതിന്റെയും അക്കൗണ്ട് ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്താത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-17 അക്രഡിറ്റഡ് ഏജൻസി വഴി നടപ്പിലാക്കുന്ന പ്രവർത്തികൾക്ക് നൽകുന്ന അഡ്വാൻസ് തുക അഡ്വാൻസ് റജിസ്റ്ററിൽ ചേർത്തുന്നില്ല.**

ഗ്രാമപഞ്ചായത്തിൽ തൻവർഷം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി വഴി നടപ്പിലാക്കുന്ന താഴെ പറയുന്ന പദ്ധതികളിൽ അക്രഡിറ്റഡ് ഏജൻസി എന്ന നിലിയിൽ കരാർ സ്ഥാപനത്തിന് പദ്ധതി ചെലവിന്റെ 20% തുക അഡ്വാൻസ് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ

| പദ്ധതി | അഡ്വാൻസ് തുക | ബിൽ നമ്പർ തിയ്യതി |
|---|---|---|
| 169/22 പ്ലാസ്റ്റിക്ക് ഷ്രെഡ് യൂണിറ്റ് ചുറ്റുമതിൽ | 540000 | 274/16.3.22 |
| 173/22 12ാം നമ്പർ അങ്കണവാടി കെട്ടിട നിർമ്മാണം | 153272 | 297/23.3.22 |
| 93/22 മത്സ്യമാർക്കറ്റ് നവീകരണം | 500000 | 324/26.3.22 |
| 176/22 വിവിധ സ്കൂളുകൾക്ക് ടോയ്‌ലെറ്റ് | 40000 | 302/23.3.22 |
| 127/22ടാക്സി സ്റ്റാന്റ് ടോയ്‌ലെറ്റ് ബ്ലോക്ക് നിർമ്മാണം | 200000 | 277/163/16.3.22 |
| ആകെ | 1433272 | |

അഡ്വാൻസ് നൽകിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.മൊബിലൈസേഷൻ അഡ്വാൻസ് നൽകിയ തുക ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കിൽ ബാലൻസ് ഷീറ്റിൽ അഡ്വാൻസ് ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ തുക പ്രസ്തുത പ്രവൃത്തിയുടെ ചെലവ് എന്ന വിധത്തിലാണ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

2.കരാറുകാർക്ക് നൽകിയ അഡ്വാൻസ് തുക അഡ്വാൻസ് റജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

3.പ്രവൃത്തി പൂർത്തിയാക്കി അഡ്വാൻസ് തുക അഡ്ജസ്റ്റ് ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് അപാകതൾ പരിഹരിക്കുന്നത് വരെ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

1-18 ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം നിർമ്മാണം പൂർത്തിയാക്കി - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

സ.ഉ.(കൈ)39/2020/ത.സ്വ.ഭ.വ, തീയതി. 20/02/2020, സ.ഉ.(കൈ)45/ 2020/ത.സ.ഭ.വ, തീയതി. 06/03/2020 എന്നീ ഉത്തരവുകൾ പ്രകാരം കേരള സർക്കാറിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെട്ട ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ ഗ്രാമപഞ്ചായത്ത് സ്ഥാപിക്കേണ്ടതുണ്ട്. റോഡ് മാർഗ്ഗം യാത്ര ചെയ്യുന്നവർക്കായി തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ

സൗകര്യങ്ങളോടു കൂടിയ പൊതു ശുചിമുറികളും ലൈറ്റ് റിഫ്രഷ്മെന്റ് സൗകര്യങ്ങളും ഒരുക്കി പാതയോര വിശ്രമകേന്ദ്രങ്ങൾ സ്ഥാപിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 3 ആർസ് വിസ്തൃതിയുള്ള സ്ഥലത്താണ് (റി.സ65/28 ) ഗ്രാമപഞ്ചായത്ത് ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രം സ്ഥാപിക്കുന്നതിനായി തെരഞ്ഞെടുത്തത്. ഇതിനായി ഓഡിറ്റ് വർഷം താഴെ കാണിച്ച പ്രകാരം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

| പദ്ധതി | വകയിരുത്തിയ തുക | ചെലവ് തുക | റിമാർക്സ് |
|---|---|---|---|
| 164/22 ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം | 1763620 | 1415562 | 18/20-21/4.2.21 നമ്പർ കരാർ പ്രകാരം ULCCS പ്രവർത്തി നടപ്പിലാക്കി വരുന്നു. ബിൽ നം.358/30.03.22 |
| 190/22 ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം രണ്ടാം ഘട്ടം | 700000 | 0 | തൻ വർഷം നടപ്പിലാക്കിയില്ല |

പദ്ധതി പ്രകാരം നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടം പ്രവർത്തനം ആരംഭിച്ചിട്ടില്ല. 8.3.23ന് പദ്ധതി സ്ഥലം സന്ദർശിച്ചു. പ്രവൃത്തിയുടെ അവസാനഘട്ട പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. കിണറിന്റെ പ്രവൃത്തി നടക്കുന്നു. എന്നാൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല. കെട്ടിട നിർമ്മാണം എം ബുക്ക് 2/20 പ്രകാരം 17.1.22 ന് പൂർത്തിയായിട്ടുണ്ട്. വൈദ്യുതി കുടിവെള്ളം പ്ലംബിങ്ങ് തുടങ്ങിയ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കുള്ള രണ്ടാമത്തെ പദ്ധതിയ്ക്കായി കരാറുകാരന് 31.3.22 ന് സ്ഥലം കൈമാറിയിട്ടുണ്ട്. 6 മാസ കാലാവധിയിൽ പൂർത്തിയാക്കേണ്ടിയിരുന്ന പ്രവൃത്തി ഇപ്പോഴും പൂർത്തിയായിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (9/2021-22 തീയതി. 9.03.2023) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്. ടേക്ക് എ ബ്രേക്ക് കെട്ടിടം പ്രവർത്തനം ആരംഭിച്ച് വിവരം അറിയിക്കുന്നത് വരെ ഓഡിറ്റ് വർഷത്തെ 14,15,562/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-19 കൃത്യമായ ആസ്തി സംരക്ഷണ പദ്ധതികൾ ഇല്ലാത്തതിനാൽ റോഡ് മെയിന്റനൻസിന് ഗ്രാമ പഞ്ചായത്തിന് അധിക ചെലവ് വരുന്നു

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം 39 റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തി മെയിന്റനൻസ് ഗ്രാന്റ് റോഡ്, തനത് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവ ഉപയോഗിച്ച് നടപ്പിലാക്കിയിട്ടുണ്ട്. റോഡുകളുടെ അറ്റകുറ്റ പണികളുടെ കാര്യത്തിൽ റോഡ് മെയിന്റനൻസ് പ്ലാൻ തയ്യാറാക്കാതെയാണ് പദ്ധതി വർഷം പ്രവൃത്തികൾ നടത്തിയിരിക്കുന്നത്. അറ്റകുറ്റപ്പണികൾ ആവശ്യമുള്ള റോഡുകൾ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് പ്രവൃത്തി നടത്തുന്നതിന് വേണ്ടി റോഡ് മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയിട്ടില്ല. സ.ഉ.(കൈ) നം.11/2018 തി. 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ. 6-7 ൽ മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത്ഫണ്ടും ഉപയോഗപ്പെടുത്തി സ്ഥാപനത്തിന്റെ കീഴിലുള്ള റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന നിർദ്ദേശം സ്ഥാപനം പാലിച്ചിട്ടില്ല.

ആസ്തി സംരക്ഷണ പദ്ധതികൾ ആവിഷ്കരിക്കുന്നതിലുള്ള വീഴ്ച മൂലം റോഡുകൾ സമയാസമയങ്ങളിൽ മെയിന്റനൻസ് ചെയ്യാത്ത അവസ്ഥയുണ്ടാകുകയും, റോഡുകൾ പൂർണമായും പൊളിഞ്ഞു പോകുന്ന അവസ്ഥ ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. പിന്നീട് മെയിന്റനൻസ് പ്രവൃത്തികൾ നടത്തേണ്ടി വരുമ്പോൾ പഴയ റോഡിന്റെ ഉപരിതലം മുഴവനും സ്കാരിഫൈ ചെയ്ത് ഗ്രാനുലാർ സബ് ബേസ് ചെയ്തതിനുശേഷം പുതിയ റോഡ് ഉണ്ടാക്കുന്ന രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതികൾ നടപ്പിലാക്കേണ്ടി വരികയും ചെയ്യുന്നു. സമയബന്ധിതമായി റോഡുകൾ മെയിന്റനൻസ് ചെയ്യാതിരുന്നതിനാലാണ് റോഡുകൾ പൂർണമായും തകർന്നു പോകുന്ന അവസ്ഥ ഉണ്ടായത്. തൻവർഷം നടപ്പിലാക്കിയ റോഡുകളുടെ മെയിന്റനൻസ് പ്രവൃത്തികൾക്കായുള്ള പദ്ധതി ഫയലുകൾ പരിശോധിച്ചതിൽ റോഡുകളുടെ കൂടുതൽ ഭാഗങ്ങളും പൊട്ടി പൊളിഞ്ഞ അവസ്ഥയിലാണ് ഉള്ളത്. ഉദാഹരണം

66/22 -കുട്ടാക്കൽ താഴ കണ്ണിപ്പൊയിൽ റോഡ് പുനരുദ്ധാരണം, 62/22- ഒ.പി.കെ ഒന്തം പറമ്പ് റോഡ് പുനരുദ്ധാരണം, 53/22- വണ്ണാന്റവിടമുക്ക് പുതുക്കുടുത്താഴ റോഡ് പുനരുദ്ധാരണം, 47/22- ഒതയോത്ത് താഴ ചെട്ട്യാം വീട്ടിൽ താഴെ റോഡ് പുനരുദ്ധാരണം187/22 വെന്തപീടിക ഹെൽത്ത് സെന്റർ റോഡ് പുനരുദ്ധാരണം, 198/22-നീലിയത്ത് താഴ ആയടക്കണ്ടി റോഡ് പുനരുദ്ധാരണം മുതലായവ.

കൃത്യമായ ആസ്തി സംരക്ഷണ പദ്ധതികളില്ലാതെ റോഡുകളെല്ലാം പൂർണ്ണമായും തകർന്നതിന് ശേഷം മെയിന്റനൻസ് നടത്തുന്നത് മൂലം പദ്ധതി നടത്തിപ്പിന് അധിക ചെലവിനിടയാക്കുകയും പൊതുജനത്തിന് സുഗമമായ സഞ്ചാര സൗകര്യം ഒരുക്കുന്നതിൽ ഗ്രാമപഞ്ചായത്ത് വീഴ്ച വരുത്തുകയും ചെയ്യുന്നുണ്ട്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകത പരിഹരിച്ച് രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതുമാണ്.

## 1-20 കുഴൽ കിണർ നിർമ്മാണം -അടിസ്ഥാന ആവശ്യങ്ങൾക്കുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ച

ഗ്രാമപഞ്ചായത്തിലെ 2 അങ്കണവാടികളിലും മത്സ്യമാർക്കറ്റിലും കുഴൽ കിണർ നിർമ്മിക്കുന്നതിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഭൂഗർഭ ജല വകുപ്പിന് തുക കൈമാറുന്നതിനാണ് പദ്ധതി തയ്യാറാക്കിയതെങ്കിലും 17.12.21ലെ ജി.ഡബ്ല്യൂ.കെ.കെഡി (എസ്) *1843*/21 നമ്പർ കത്ത് പ്രകാരം പ്രസ്തുത സൈറ്റുകളിൽ ഡിപ്പാർട്ട്മെന്റ് റിഗ്ഗുകൾ ഉപയോഗിച്ച് പ്രവൃത്തി നടത്താൻ സാധ്യമല്ലാത്തതിനാൽ ആഴം കുറഞ്ഞ ഫിൽട്ടർ പോയിന്റ് തരത്തിലുള്ള കുഴൽ കിണർ നിർമ്മിക്കുന്നതിന് പഞ്ചായത്തിന് നേരിട്ട് പ്രവൃത്തി ടെണ്ടർ മുഖേന നടത്തുന്നതിന് എസ്റ്റിമേറ്റുകൾ തയ്യാറാക്കി സമർപ്പിച്ചിരുന്നു. ആയത് പ്രകാരം പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ

| പദ്ധതി | എസ്റ്റിമേറ്റ് തുക | വകയിരുത്തിയ തുക | കരാർ |
|---|---|---|---|
| 104/22 മത്സ്യമാർക്കറ്റ് കുഴൽകിണർ നിർമ്മാണം | 7300 | 125000 സി.എഫ്.സി ഗ്രാന്റ് | 51/21-22/22.3.22 ശ്രീ.കുഞ്ഞമ്മദ്.എം.ടി |
| 105/22 89ാം അങ്കണവാടി കുഴൽകിണർ നിർമ്മാണം | 8750 | 125000 സി.എഫ്.സി ഗ്രാന്റ് | 57/21-22/22.3.22 ശ്രീ.രാജീവൻ.പി.ടി.കെ |
| 107/22 എരവത്ത് കാരായി അങ്കണവാടി കുഴൽകിണർ നിർമ്മാണം | 26250 | 125000 സി.എഫ്.സി ഗ്രാന്റ് | 52/21-22 /22.3.22 ശ്രീ.കുഞ്ഞമ്മദ്.എം.ടി |

പദ്ധതി നടത്തിപ്പിലെ അപാകതകൾ

1) കരാർ പ്രകാരം 4മാസം കൊണ്ട് പൂർത്തിയാക്കേണ്ട പ്രവൃത്തി കരാറുകാർ ആരംഭിച്ചിട്ടില്ല. പ്രവൃത്തി ആരംഭിക്കാത്തതിന്റെ വിശദീകരണം ആരാഞ്ഞുകൊണ്ട് 23.6.22 നിർവ്വഹണ ഉദ്യോഗസ്ഥൻ

കരാറുകാരന് കത്തെഴുതിയിട്ടുണ്ട്. മറ്റ് തുടർ നടപടികളൊന്നും ഉണ്ടായിട്ടില്ല.

2) ശ്രീ.കുഞ്ഞമ്മദ്.എം.ടി എന്ന കരാറുകാരൻ രണ്ടു പ്രവൃത്തികളിലുമായി 7500 രൂപ വീതമുള്ള സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റ് ഗ്രാമപഞ്ചായത്തിൽ പ്ലഡ്ജ് ചെയ്തിട്ടുണ്ട്. അടിയന്തിര പ്രാധാന്യത്തോടെ ചെയ്യേണ്ട പ്രവൃത്തി നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തിയ കരാറുകാരന്റെ നഷ്ട ഉത്തരവാദിത്തത്തിൽ പ്രവൃത്തി പുനർ ലേലം ചെയ്ത് നടപ്പിലാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3) ശ്രീ.രാജീവൻ.പി.ടി.കെ എന്ന കരാറുകാരനിൽ നിന്ന് സെക്യൂരിറ്റി നിക്ഷേപം സ്വീകരിച്ചിട്ടില്ല.

4)കുഴൽ കിണർ നിർമ്മാണം പൂർത്തിയാക്കാത്തത് മൂലം ഗ്രാമപഞ്ചായത്തിലെ ഫിഷ് മാർക്കറ്റ് കെട്ടിട സമുച്ചയത്തിൽ നിന്ന് വരുമാനം ആർജ്ജിക്കുന്നതിന് തടസ്സമുണ്ട്.

കൂടാതെ പഞ്ചായത്തിലെ വിവിധ അങ്കണവാടികളിൽ കുഴൽ കിണർ നിർമ്മിക്കുന്നതിന് തുക കൈമാറുന്നതിന് 186/22 ആയി പദ്ധതി തയ്യാറാക്കിയെങ്കിലും പദ്ധതി നടപ്പിലാക്കാതെ ഉപേക്ഷിച്ചിട്ടുണ്ട്.

അങ്കണവാടികളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുന്നതിനായി കുടിവെള്ള ശുചിത്വ വർക്കിങ്ങ് ഗ്രൂപ്പിൽ തീരുമാനം എടുക്കുന്നുണ്ടെങ്കിലും യാതൊരു നടപടികളും എടുക്കുന്നില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതുമാണ്. കൂടാതെ സെക്യൂരിറ്റി നിക്ഷേപം സ്വീകരിക്കാതെ കരാർ നൽകിയത് വിശദീകരിക്കേണ്ടതും തുക ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

1-21 സ്ഥലം ലഭ്യമായിട്ടും ബഡ്സ് സ്കൂളിന് കെട്ടിടം നിർമ്മിക്കാതെ ഫണ്ട് പാഴാക്കുന്നു

ഗ്രാമപഞ്ചായത്ത് വളരെ അടിയന്തിര പ്രാധാന്യത്തോടെ നടപ്പിലാക്കേണ്ടിയിരുന്ന പദ്ധതിയാണ് ബഡ്സ് സ്കൂൾ നിർമ്മാണം. 12 വയസിനും 37 വയസിനും ഇടയിൽ പ്രായമുള്ള 38 കുട്ടികൾ പഠിക്കുന്ന ഗ്രാമ പഞ്ചായത്തിന്റെ ബഡ്സ് സ്കൂൾ നിലവിൽ അപര്യാപ്തമായ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ബഡ്സ് സ്കൂൾ പ്രവർത്തിപ്പിക്കുന്നതിന് മാർഗ്ഗ നിർദ്ദേശ പ്രകാരം ഉണ്ടായിരിക്കേണ്ട സൗകര്യങ്ങളൊന്നും വാടകക്കെട്ടിടത്തിലില്ല. 8.3.23 ന് ഓവർസീയറുടെ സാന്നിധ്യത്തിൽ സ്ഥല സന്ദർശനം നടത്തുകയുണ്ടായി. മേൽ പറഞ്ഞപ്രകാരം വിവിധ കാറ്റഗറിയിൽപ്പെട്ട 38കുട്ടികൾക്കും കൂടി ഒരു ക്ലാസ് റൂം മാത്രമാണ് ഈ കെട്ടിടത്തിൽ ഉള്ളത്.

ബഡ്സ് സ്പെഷ്യൽ സ്കൂൾ നിർമ്മിക്കുന്നതിന് ഗ്രാമ പഞ്ചായത്തിന് സ്ഥലം ലഭ്യമാണ്. കൂടാതെ ജില്ലാ പഞ്ചായത്തിൽ നിന്ന് ഇതിനായി ലഭിച്ച 10,00,000/- രൂപ വിനിയോഗിക്കാത്തതിനാൽ തിരിച്ചടയ്ക്കേണ്ട ഘട്ടത്തിലാണ്. പഞ്ചായത്തിന് 2014 കാലഘട്ടത്തിൽ ശ്രീമതി ബേബി ബാലമ്പ്രത്ത് എന്ന വ്യക്തിയുടെ പേരിലുള്ള ദാനാധാരമായി കിട്ടിയ 12.5 സെന്റ് (5.075 ആർ) വിസ്തീർണ്ണമുള്ള

സ്ഥലത്താണ് ബഡ്സ് സ്കൂൾ നിർമ്മിക്കുന്നതിന് പദ്ധതിയിട്ടിട്ടുള്ളത്. 2014 വർഷം മുതൽ 2020-21 വർഷം വരെ ഇതിനായി 38,00,000/- രൂപ വകയിരുത്തി പദ്ധതികൾ തയ്യാറാക്കി അംഗീകാരം വാങ്ങിയിരുന്നെങ്കിലും നടപ്പിലാക്കിയിട്ടില്ല. (38/15,112/16, 74/17, 91/20, 224/21) 2021-22, 2022-23 വർഷങ്ങളിൽ ഈ പദ്ധതി തുടരുന്നില്ല. പദ്ധതി ഉപേക്ഷിച്ച അവസ്ഥയിലാണ് ഉള്ളത്.

പദ്ധതി നടപ്പിലാക്കാത്തതിന് കാരണമായി പറയുന്നത് സ്ഥലം സബ്ഡിവിഷൻ ചെയ്ത് തരം ക്ലീയർ ആക്കുന്നതിനുള്ള കാലതാമസമാണ്. 2018 ൽ NIT യുടെ നേതൃത്വത്തിൽ മണ്ണ് പരിശോധന നടത്തിയിട്ടുണ്ട് (CED/Test/sip/Gel/555/2018024/17.4.18). ബഡ്സ് സ്കൂൾ നിർമ്മിക്കുന്നതിന് അനുയോജ്യത കൽപ്പിച്ച സ്ഥലത്ത് കെട്ടിടം പണിയുന്നതിന് കെട്ടിടത്തിന്റെ പ്ലാൻ തയ്യാറാക്കിയത് ഫയലിൽ ലഭ്യമാണ്. പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന സ്ഥലം പ്രത്യേകം സബ്ഡിവിഷൻ ചെയ്തു കിട്ടുന്നതിനും, തരം മാറ്റി കിട്ടുന്നതിനും, കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ ഡിസൈൻ ലഭ്യമാക്കുന്നതിനും മറ്റുമുള്ള നടപടികൾ പൂർത്തിയാക്കുന്നതിന് 15.11.19, 26.10.20, 19.11.20 എന്നീ തിയ്യതികളിൽ അസിസ്റ്റന്റ് എഞ്ചിനീയർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് കത്തെഴുതിയിട്ടുണ്ട്. ഇക്കാര്യത്തിലുള്ള നടപടികൾ 2019-20, 2020-21 വർഷങ്ങളിൽ ആരംഭിച്ച് ഇപ്പോഴും തീരുമാനമാകാതെ തുടരുകയാണ്. വാർഷിക പദ്ധതിയിൽ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ട ഈ പ്രവൃത്തി നിലവിൽ ഉപേക്ഷിച്ച നിലയിലാണ്.

ബഡ്സ് സ്കൂൾ നിർമ്മാണത്തിനായി ലഭിച്ച സ്ഥലം 8.3.23 ന് സന്ദർശനം നടത്തി. ബഡ്സ് സ്കൂൾ നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ബഡ്സ് സ്കൂൾ റോഡ് എന്ന പേരിൽ ഗ്രാമ പഞ്ചായത്ത് ഈ സ്ഥലത്തേയ്ക്ക് പുതിയ കോൺക്രീറ്റ് റോഡ് നിർമ്മിച്ചിട്ടുണ്ട്. സ്ഥലം രേഖകളിൽ നഞ്ച ആയതിനാലാണ് കെട്ടിടനിർമ്മാണം നടത്താത്തത് എന്ന ഗ്രാമപഞ്ചായത്തിന്റെ വാദം അംഗീകരിക്കാൻ കഴിയില്ല. സ്ഥലം ആധാരത്തിൽ ഭൂമിയുടെ തരം തോട്ടം എന്നാണ് ഉള്ളത് (DOC931/2014). ഈ സ്ഥലത്തിന് ചുറ്റുമുള്ള സ്ഥലങ്ങളിൽ കോൺക്രീറ്റ് കെട്ടിടങ്ങൾ നിലനിൽക്കുന്നുണ്ട്. ഇത് നഞ്ച ഭൂമിയാണെങ്കിൽ ഈകെട്ടിടങ്ങളെല്ലാം ഗ്രാമപഞ്ചായത്തിന്റെ അനുമതിയോടെ നിർമ്മിച്ചത് എങ്ങനെയെന്ന് വ്യക്തമാക്കേണ്ടതാണ്. മാത്രമല്ല വില്ലേജ് രേഖകളിൽ സ്ഥലം നഞ്ചയാണെങ്കിൽ തന്നെ ബഡ്സ് സ്കൂൾ ആവശ്യത്തിന് തരം മാറ്റുന്നതിന് തടസ്സവുമില്ല.

38 കുട്ടികൾ ഉള്ള ബഡ്സ് സ്കൂളിൽ ഒരു ക്ലാസ് മുറിയേ ഉള്ളൂ എന്നതിനാൽ ഒരു അദ്ധ്യാപിക മാത്രമാണ് ഉള്ളത്. ബഡ്സ് സ്കൂളിൽ 7.2.18 ലെ സ.ഉ(എം.എസ്)20/2018/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം അദ്ധ്യാപക വിദ്യാർത്ഥി ആനുപാതം 1:8 ആയിരിക്കേണ്ടതാണ്.

പഞ്ചായത്തിൽ ബഡ്സ് സ്കൂൾ വർഷങ്ങളായി വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. പ്രതിമാസം 4000 രൂപ വിതം വാടകയിനത്തിൽ ചെലവഴിക്കേണ്ടി വരുന്നുണ്ട്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനും .വാർഷിക പദ്ധതിയിൽ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ട ഈ പ്രവൃത്തി നിലവിൽ ഉപേക്ഷിച്ചത് വിശദീകരിക്കുന്നതിനും നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16/2021-22 തിയ്യതി 10-03-23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

1-22 കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ - തുക ചെലവഴിച്ചതിനുള്ള രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

11 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 09 പ്രോജക്ടുകളാണ് കൃഷി ഓഫീസർ തൻവർഷം നടപ്പിലാക്കിയത്. 3213372 രൂപ ചെലവഴിച്ചതിൽ താഴെപ്പറയുന്ന പദ്ധതികൾക്ക് തുക ചെലവഴിച്ചതിന് ആധാരമായ രേഖകൾ ഫയലിലില്ല. വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര്, പ്രൊജക്ട് നമ്പർ | ചെലവഴിച്ച തുക, ബിൽ നമ്പർ | അപാകതകൾ |
|---|---|---|---|
| 1 | 81/2021-22 ഇടവിള കൃഷിക്കായി വാഴക്കന്ന് വിതരണം. | 130000 (210/05.02.2022) | വാഴക്കന്നുകൾ കർഷകർക്ക് വിതരണം ചെയ്തതിന് രേഖയില്ല |
| 2 | 112/2021-22(SO) കേടായ തെങ്ങിൻ തൈകൾ മുറിച്ച മാറ്റി പകരം തെങ്ങിൻ തൈകൾ നൽകൽ | 150000 (286/19.03.2022) | ഗുണഭോക്താക്കളുടെ അപേക്ഷകൾ, ഫയൽ എന്നിവ പരിശോധിച്ചതിൽ തെങ്ങുകൾ മുറിച്ച മാറ്റിയതിനോ പുതിയ തൈകൾ വിതരണം ചെയ്തതിനോ രേഖയില്ല. |

| | | | |
|---|---|---|---|
| 3 | 82/21-22<br>ഇടവിള കൃഷിക്കായി മഞ്ഞൾ - നടീൽ വസ്തുക്കൽ വിതരണം | 283600<br>(298/22.03.22) | നടീൽ വസ്തുക്കൾ വിതരണം ചെയ്യതിന് രേഖയില്ല. |
| 4 | 76/21-22<br>സുഫലം വിഷരഹിത ഫലം | 317000<br>(325/25.03.22) | പ്ലാവ്, മാവ്, റംബൂട്ടാൻ, പപ്പായ എന്നിവയുടെ 64 കിറ്റുകൾ റെയ്ഡ്കോയിൽ നിന്ന് വാങ്ങി. ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യതിന് രേഖയില്ല |
| 5 | 84/21-22<br>രോഗം ബാധിച്ച തെങ്ങുകൾ മുറിച്ച് മാറ്റി പകരം തൈകൾ നൽകൽ | 926000<br>(345/27.03.22) | ഗുണഭോക്താക്കളുടെ അപേക്ഷകൾ, ഫയൽ എന്നിവ പരിശോധിച്ചതിൽ തെങ്ങുകൾ മുറിച്ച് മാറ്റിയതിനോ പുതിയ തൈകൾ വിതരണം ചെയ്യതിനോ രേഖയില്ല. |
| 6 | 79/21-22<br>ഇടവിള കൃഷിക്കായ് ചേന, ചേമ്പ് ,കാച്ചിൽ എന്നിവയുടെ | 800000<br>( 209/05.02.22) | നടീൽ വസ്തുക്കൾ വിതരണം ചെയ്യതിന് രേഖയില്ല. |

| | | | |
|---|---|---|---|
| | നടീൽ വസ്തുക്കൾ വിതരണം | | |
| ആകെ | | 2606600 | |

1994 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12(2) പ്രകാരം ബന്ധപ്പെട്ട രേഖകളോ കണക്കുകളോ നൽകാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖയോ കണക്കോ നിലവിലില്ല എന്ന് കരുതപ്പെടുന്നതും അതനുസരിച്ചുള്ള നിഗമനങ്ങളിൽ എത്താവുന്നതുമാണ്. 14.02.2018 ലെ സ.ഉ(കൈ) നം.22/2018/തസ്വഭവ മാർഗരേഖ ഖണ്ഡിക 6.1 പ്രകാരം മേൽപ്പറഞ്ഞ വിത്തുകളും നടീൽ വസ്തുക്കളും കൃഷിഭവൻ മുഖേനയാണ് വിതരണം ചെയ്യേണ്ടത്. തുക ചെലവഴിച്ചതിനുള്ള രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ 26,06,600/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കുന്നതിനുള്ള സർചാർജ് നടപടികൾ സ്വീകരിക്കുന്നതാണ്.

1-23 ആസ്തി സംരക്ഷിക്കുന്നതിൽ വീഴ്ച

ഗ്രാമപഞ്ചായത്ത് അധീനതയിലുള്ള ഭൂസ്വത്തുക്കളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ, ആധാരങ്ങൾ, ആസ്തി രജിസ്റ്റർ (Land), ഫയൽ എന്നിവ പരിശോധിച്ചതിൽ ആസ്തി സംരക്ഷണത്തിൽ താഴെപ്പറയുന്ന ഗുരുതര പിഴവുകളുള്ളതായി കാണുന്നു.

1) ഭൂസ്വത്തുക്കൾ രേഖപ്പെടുത്തിയ രജിസ്റ്റർ പ്രകാരം ക്രമനമ്പർ 1 മുതൽ 26 വരെ ഭൂമിയുള്ളതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 53 ഭൂസ്വത്തുക്കളുടെ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയതായി കാണുന്നു. ഭൂസ്വത്ത് രജിസ്റ്റർ അപൂർണമാണ് എന്നാണിത് കാണിക്കുന്നത്. ശേഷിക്കുന്ന ഭൂസ്വത്തുക്കളുടെ വിവരങ്ങളും ആധാരങ്ങളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ ആസ്തി രജിസ്റ്റർ പ്രകാരമുള്ള ഭൂമിയെ സംബന്ധിച്ച വിവരങ്ങളിലും കൃത്യതയില്ല.

2) മേൽ ഭൂമിക്ക് ഓഡിറ്റ് തിയ്യതി വരെ നികുതി ഒടുക്കിയിട്ടില്ല.

4) മയ്യഴിപ്പുഴയുടെ തീരത്ത് സ്ഥിതി ചെയ്യുന്ന ഗ്രാമപഞ്ചായത്തിൽ പുഴ പുറമ്പോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 218(1) മുതൽ 218(4) വരെയുള്ള വകുപ്പുകൾ പ്രകാരം ആക്ട് നിലവിൽ വരുന്ന തീയതി മുതൽ എല്ലാ ജലമാർഗ്ഗങ്ങളും, നീരുറവകളും, ജലസംഭരണികളും, നദികളുടെ തടങ്ങളും തീരങ്ങളും ,തടാകങ്ങളും ചെറുകായലുകളും, നീരുറവകളും കുളങ്ങളും നീർത്തടങ്ങളും കെട്ടിനിൽക്കുന്നതും ഒഴുകിപോകുന്നതുമായ എല്ലാ ജലവും നീരുറവകളും പുഴ പുറമ്പോക്കുകളും ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കപ്പെട്ടിരിക്കുന്നു.

ഓഫീസിലെ മേൽനോട്ട സംവിധാനത്തിലെ പിഴവാണ് മേൽപ്പറഞ്ഞ അപാകതകൾക്ക് കാരണം. ഇത് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂസ്വത്തുക്കൾ അന്യാധീനപ്പെടാൻ ഇടയാക്കും. പുഴപുറമ്പോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും കയ്യേറിയ ഭൂമിയുണ്ടെങ്കിൽ തിരിച്ച് പിടിക്കേണ്ടതുമാണ്. ഭൂസ്വത്ത് രജിസ്റ്റർ പൂർത്തിയാക്കി മുഴുവൻ ആധാരങ്ങളും നികുതി ഒടുക്കിയ രശീതുകളും സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-24 എൻ ആർ ഇ ജി എസ്- അപാകതകൾ

തൻവർഷം 3,64,67,276/- രൂപ വിനിയോഗിച്ച് 2363 കുടുബങ്ങളിലായി 118931 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചതായി കാണുന്നു. ആകെ 221 പ്രവൃത്തികളാണ് ഏറ്റെടുത്തത്. 100 ദിനം തൊഴിൽ ലഭിച്ചത് 192 പേർക്കാണ്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) അളവു പുസ്തകങ്ങൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

എൻ.ആർ.ഇ.ജി.എസ് പദ്ധതിക്കായി വിതരണം ചെയ്തതും ഉപയോഗപ്പെടുത്തിയതുമായ അളവുപുസ്തകങ്ങളുടെ പരിപാലനത്തിൽ അപാകത കാണുന്നു. ഓഫീസ് സ്റ്റോക്കിൽ നിന്നും വിതരണം ചെയ്ത അളവുപുസ്കങ്ങൾക്ക് എൻ.ആർ.ഇ.ജി.എസ് പദ്ധതി ഓഫീസിൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കാത്തതും വിതരണം ചെയ്ത അളവുപുസ്കങ്ങൾ ഏത് പ്രവൃത്തിക്ക് എന്ന് രേഖപ്പെടുത്താത്തതും അപാകതയാണ്. അളവു പുസ്തകങ്ങളുടെ സ്റ്റോക്ക് രേഖപ്പെടുത്താത്തതിനാൽ എൻ.ആർ.ഇ.ജി.എസ് പദ്ധതി ഓഫീസിൽ ലഭ്യമായ പുസ്തകങ്ങളുടെ വരവ്, ഉപയോഗം, നീക്കിയിരിപ്പ് എന്നിവ സംബന്ധിച്ച വിവരങ്ങളില്ല. പേര് രേഖപ്പെടുത്താത്തതിനാൽ അളവ് പുസ്തകങ്ങൾ ഏതൊക്കെ പ്രവൃത്തികൾക്കുൾക്കാണ് ഉപയോഗിച്ചത് എന്ന് വ്യക്തമല്ല. സെക്രട്ടറിയിൽ നിന്ന് എൻ ആർ ഇ ജി എസ് പദ്ധതി ആവശ്യങ്ങൾക്ക് അളവു പുസ്തകങ്ങൾ ലഭിക്കുമ്പോൾ സ്റ്റോക്കിലെടുക്കേണ്ടതും പ്രവൃത്തികളുടെ പേര് രേഖപ്പെടുത്തി ഇഷ്യൂ രജിസ്റ്റർ സൂക്ഷിച്ച് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

2) അസറ്റ് രജിസ്റ്റർ പൂർത്തിയാക്കിയില്ല

ഓരോ സാമ്പത്തിക വർഷവും പൂർത്തിയാക്കിയ പ്രവൃത്തികളുടെ വിശദവിവരങ്ങൾ കാണിക്കുന്ന

അസറ്റ് രജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ല. തൻവർഷം എത്ര പ്രവൃത്തികൾ നിർവ്വഹിച്ചുവെന്ന് അസറ്റ് രജിസ്റ്ററിൽ നിന്ന് വ്യക്തമല്ല. അസറ്റ് രജിസ്റ്റർ പൂർത്തിയാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-25 അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലെ സ്റ്റോക്ക് റജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകത

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 32/22 നമ്പർ പദ്ധതിയിൽ ഓഫീസിലേക്ക് കമ്പ്യൂട്ടറുകൾ പ്രിന്റർ, ഫോട്ടോ കോപ്പിയർ എന്നിവ 1,68,313/- രൂപ ചെലവഴിച്ച് വാങ്ങിയിട്ടുണ്ട്. ഈ ഉപകരണങ്ങൾ സ്റ്റോക്കിൽ എടുത്തത് പരിശോധിക്കുന്നതിനായി സ്റ്റോക്ക് റജിസ്റ്റർ പരിശോധിച്ചു. സ്റ്റോക്ക് റജിസ്റ്റർ 2021-22 എന്നാണ് റജിസ്റ്ററിന്റെ പേര് കാണിച്ചിട്ടുള്ളത് . അതായത് സ്റ്റോക്ക് റജിസ്റ്റർ വാർഷികമായാണ് തയ്യാറാക്കുന്നത്. ഓഫീസിൽ 2021-22 വർഷത്തിന് മുൻപുണ്ടായിരുന്ന കമ്പ്യൂട്ടറുകൾ, പ്രിന്റ് മറ്റ് ഉപകരണങ്ങൾ എന്നിവയൊന്നും ഈ സ്റ്റോക്ക് റജിസ്റ്ററിൽ ഇല്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും സ്റ്റോക്ക് രജിസ്റ്റർ പൂർണമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-26 എം.ബുക്ക് സ്റ്റോക്ക് റജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകതകൾ

പഞ്ചായത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥർ അളവ് പുസ്തകങ്ങളുടെ (എം. ബുക്ക്) സ്റ്റോക്ക്, വിതരണ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. സെക്രട്ടറി ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് വാങ്ങുന്ന എം ബുക്കുകൾ അത് വാങ്ങുന്ന തിയ്യതിയിൽ കൃത്യമായി സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യുന്ന രീതിയിൽ എം. ബുക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 50 പേജിന്റെ 155 ഉം100 പേജിന്റെ 143 ഉം എം ബുക്കുകൾ ഗ്രാമപഞ്ചായത്തിൽ ബാലൻസ് ഉണ്ട് ആയവയുടെ മുൻബാക്കി വരവുകൾ വിതരണം എന്നീവ കൃത്യമായി റജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിൽ ധാരാളം വെട്ടിതിരുത്തലുകൾ വരുത്തുന്നുണ്ട്. 25 പേജുള്ള എം ബുക്കുകളുടെ കണക്കുകളിൽ കൃത്യയില്ല. 20-21 വർഷത്തിൽ പേജ് നമ്പർ 30 ൽ എം ബുക്ക് കൊടുത്തതിന്റെയും നീക്കിയിരിപ്പിന്റെയും കണക്കുകൾ പൊരുത്തപ്പെടുന്നില്ല. ഈ പേജിൽ ബാലൻസ് 70 കാണിക്കുന്നുണ്ടെങ്കിലും പേജ് 36 ൽ 21-22 വർഷത്തെ കണക്ക് എഴുതിയതിൽ മുൻബാക്കിയായി കാണിച്ചിട്ടുള്ളത് 45 എം ബുക്കുകളാണ്.

കൂടാതെ തൊഴിലുറപ്പ് പദ്ധതി ഓഫീസിലും, എഞ്ചിനീയറുടെ ഓഫീസിലും പഞ്ചായത്ത് ഓഫീസിൽ നിന്ന് കൈപ്പറ്റുന്ന അളവു പുസ്തകങ്ങൾ സ്റ്റോക്കിലെടുത്ത് അവ ഓരോന്നും ഏതെല്ലാം പ്രവൃത്തികൾക്കാണ് ഉപയോഗിച്ചിട്ടുള്ളത് എന്ന് രേഖപ്പെടുത്തിയിട്ടില്ല.

കേരള ഫിനാൻഷ്യൽ കോഡ് വാല്യം I ആർട്ടിക്കിൾ 189 പ്രകാരം അളവ് പുസ്തകങ്ങൾ വളരെ കൃത്യതയോടെ സൂക്ഷിക്കേണ്ട പ്രധാനപ്പെട്ട രേഖയാണ്. ആയത് വാങ്ങി സ്റ്റോക്കിലെടുത്ത് കൃത്യതയോടെയല്ലാതെ ഇഷ്യു ചെയ്ത് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്നതിന് വിശദീകരണം

ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17/2021-22 തിയ്യതി 10-03-23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് സ്റ്റോക്ക് റജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-27 ഗ്രാമ പഞ്ചായത്ത് ഓഫീസ് മെയിന്റനൻസ് പ്രവൃത്തികൾ നടപ്പിലാക്കുന്നതിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിൽ ഓഫീസ് മെയിന്റനൻസിനായി ധാരാളം പദ്ധതികൾ രൂപീകരിക്കുന്നുണ്ടെങ്കിലും ആയത് സമയബന്ധിതമായി പൂർത്തീകരിച്ച് ഓഫീസ് പ്രവർത്തനം മികച്ചതാക്കുന്നതിൽ ഗ്രാമപഞ്ചായത്ത് വീഴ്ച വരുത്തുന്നുണ്ട്. 2021-22 വർഷത്തിൽ തയ്യാറാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | വകയിരുത്തിയ തുക | ചെലവ് തുക | റിമാർക്ക്സ് |
|---|---|---|---|
| 129/22 പഞ്ചായത്ത് ഓഫീസ് നവീകരണം | 1000000 തനത് ഫണ്ട് | 0 | 2018-19 വർഷത്തിൽ ആരംഭിച്ച പ്രവൃത്തി 2022-23 വർഷത്തിലും തുടരുന്നതായി കാണുന്നു. (198/23) 43/18-19/ 10.1.19 നമ്പർ കരാർ പ്രകാരം ULCC ഏറ്റെടുത്ത ഈ പ്രവൃത്തി 6 മാസം കൊണ്ട് പൂർത്തിയാക്കേണ്ട തായിരുന്നു. എം ബുക്കുകൾ (75,192,113) പ്രകാരം 5.6.21 നാണ് അവസാനം പ്രവൃത്തി നടന്നത്. പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാത്തതിന് കരാറുകാർക്കെതിരെ നടപടിയെടുത്തിട്ടില്ല. പൂർത്തിയാക്കിയ പ്രവൃത്തിയ്ക്ക് |

| | | | |
|---|---|---|---|
| | | | ബിൽ തുക അനുവദിക്കാതെ പദ്ധതി 22-23 വർഷത്തിലും തുടരുന്നുണ്ട്. |
| 130/22 പഞ്ചായത്ത് ഓഫീസ് സർവ്വർ റൂം നവീകരണം | 50000 മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 24125 | 53/18-19/7.3.19 നമ്പർ കരാർ പ്രകാരം കരാറുകാരനായ ശ്രീ.രാജീവൻ പി.ടി.കെ ഏറ്റെടുത്ത പ്രവൃത്തി എം ബുക്ക് 127 പ്രകാരം 11.6.21 വരെ പ്രവൃത്തി നടന്നിട്ടുണ്ട്. പ്രവൃത്തി സമയബന്ധിതമായി നടപ്പിലാക്കാത്തതിന് കരാറുകാരനെതിരെ നടപടി എടുത്തിട്ടില്ല. 50000 രൂപ വകയിരുത്തി 22-23 ലും (199/23) പദ്ധതി തുടരുന്നു |
| 175/22 പഞ്ചായത്ത് ഓഫീസ് ടോയ്‌ലറ്റ് നവീകരണം | 150000 സി.എഫ്.സി ഫണ്ട് | 0 | പദ്ധതി നടപ്പിലാക്കതെ 22-23 (80/23) വർഷത്തിലും തുടരുന്നു |
| 165/22പഞ്ചായത്ത് ഓഫീസ് അറ്റകുറ്റ പണി പൂർത്തീകരണം | 300000 വികസന ഫണ്ട് ജനറൽ | 0 | പദ്ധതി നടപ്പിലാക്കിയില്ല. 22-23 (245/23) വർഷത്തിലും തുടരുന്നു |
| 196/22 പഞ്ചായത്ത് | 341320 സി,എഫ്.സി | 0 | 21-22 പ്രവൃത്തി നടപ്പിലാക്കിയിട്ടില്ല |

| | | | | |
|---|---|---|---|---|
| ഓഫീസ് പ്ലംബിങ്ങ് വർക്ക് | ഗ്രാന്റ് | | | |

ഗ്രാമപഞ്ചായത്ത് ഓഫീസ് നവീകരണത്തിനായി കൃത്യമായ പ്ലാനിങ്ങോടെ സമഗ്രമായി പദ്ധതി തയ്യാറാക്കാതെ വ്യത്യസ്ത പദ്ധതികൾ തയ്യാറാക്കുകയും സമയബന്ധിതമായി പൂർത്തീകരിക്കാതിരിക്കുകയും ഫണ്ട് പാഴാകുകയും പഞ്ചായത്ത് ഓഫീസിലെ അസൗകര്യങ്ങൾ തുടരുകയും ചെയ്യുന്ന അവസ്ഥ ഉണ്ട്.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-28 എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ പൂർണ്ണമായി തയ്യാറാക്കുന്നില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളുടെ ഫയലുകൾ പരിശോധിച്ചതിൽ എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ പൂർണമായി പൊതുമരാമത്ത് മാന്വലിൽ നിഷ്കർഷിക്കുന്ന രീതിയിൽ തയ്യാറാക്കുന്നില്ല. എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ട വിശദാംശങ്ങൾ ഒന്നും ഉൾപ്പെടുത്തിയിട്ടില്ല. കോസ്റ്റ് ഇൻഡക്സും അടങ്കൽ തുകയും മാത്രമാണ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഉള്ളത്. നടത്തിയ പ്രവൃത്തിയുടെ വ്യക്തത എസ്റ്റിമേറ്റ് റിപ്പോർട്ടിൽ നിന്ന് ലഭിക്കുന്നില്ല. ഇത്തരത്തിൽ വ്യക്തമല്ലാത്ത എസ്റ്റിമേറ്റ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭ്യമാകുന്നതെങ്ങിനെയെന്ന് വ്യക്തമല്ല. ഉദാഹരണം പനോളിമുക്ക് മരാമത്ത് താഴ റോഡ്, ചാലിൽ മുക്ക് മുരിക്കുള്ളതിൽ താഴ കനാൽ റോഡ്, കണിയാങ്കണ്ടിത്താഴ വടക്കയിൽ താഴപട്ടർ പറമ്പത്ത് റോഡ്.

എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ എപ്രകാരം തയ്യാറാക്കണമെന്നും എന്തെല്ലാം വിശദാംശങ്ങൾ അതിൽ അടങ്ങിയിരിക്കണമെന്നും 2012 ലെ പുതുക്കിയ PWD മാന്വലിൽ വിശദമാക്കിയിട്ടുണ്ട്. പ്രവർത്തികളുടെ കാര്യത്തിൽ മാന്വലിലെ പല നിർദ്ദേശങ്ങളും പാലിക്കാതെയാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിരിക്കുന്നത്. പുതിയ റോഡുകളുടെ കാര്യത്തിലും, കെട്ടിടങ്ങളുടെ കാര്യത്തിലും നിലവിലെ അവസ്ഥ, ഇതിന്റെ ആവശ്യകതയും ഫീസിബിലിറ്റിയും, പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന റോഡിൽ സമീപകാലത്ത് നടത്തിയ പ്രവൃത്തികളുടെ വിവരം, മറ്റ് സ്ഥാപനങ്ങൾ (ഉദാ: ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ) നടത്തിയ പ്രവൃത്തികളുടെ വിവരം മുതലായ വിവരങ്ങൾ, പുതിയ

നിർമ്മിതിയാണെങ്കിൽ ആവശ്യമായ സ്ഥലം വിട്ടുകിട്ടിയതു സംബന്ധിച്ച വിവരങ്ങൾ, പ്രവൃത്തി പൂർത്തികരിക്കാനുദ്ദേശിക്കുന്ന കാലയളവ് മുതലായ വിവരങ്ങൾ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നില്ല.

പ്രോജക്ടുകൾ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി സമഗ്രമാക്കുക, പ്രോജക്ട് പ്രകാരം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ ഉപയോഗം സമയബന്ധിതമായി ജനങ്ങൾക്ക് ലഭ്യമാക്കുക തുടങ്ങിയ ആസൂത്രണ ലക്ഷ്യങ്ങൾ ഉറപ്പുവരുത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് ഇത് മൂലം കഴിയുന്നില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി ( 13/21-22 09.03.2023) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-29 നഗര സഞ്ചയ ഫണ്ട് ഉപയോഗിക്കാത്തതിനാൽ തിരിച്ചെടുത്തു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥമായി ഗ്രാമപഞ്ചായത്തിന് ലഭ്യമായ നഗര സഞ്ചയ ഫണ്ട് വകയിരുത്തി രണ്ട് പദ്ധതികൾ നടപ്പിലാക്കുന്നതിന് അംഗീകാരം വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ

| പദ്ധതി | വകയിരുത്തിയ തുക | റിമാർക്സ് |
|---|---|---|
| 163/22 പനയത്ത് താഴെ തോട് നവീകരണം മൂന്നാം റീച്ച് | 1000000 | 31/20/4.2.20 പ്രകാരം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി പ്രവൃത്തി ഏറ്റെടുത്ത് കരാറിൽ ഏർപ്പെട്ടെങ്കിലും പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടില്ല |
| 206/22 മത്സ്യ മാർക്കറ്റിന് സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കൽ | 2300000 | പദ്ധതിയ്ക്ക് അംഗീകാരം വാങ്ങിയതല്ലാതെ ടി.എസ്, ടെണ്ടർ തുടങ്ങിയ നടപടികളൊന്നും ആരംഭിച്ചില്ല. |

കൂടാതെ നഗര സഞ്ചയ പദ്ധതികളുടെ നടത്തിപ്പിനായി ഗ്രാമപഞ്ചായത്തിന് ലഭ്യമായി സ്പെഷ്യൽ സേവിങ്ങ്സ് ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ-799013100000485) ലഭ്യമായിരുന്ന 22,08,000/- രൂപയിൽ 31.3.22 ന് നീക്കിയിരിപ്പുണ്ടായിരുന്ന 14,90,241/- രൂപ വിനിയോഗിക്കാത്തതിനാൽ തിരിച്ചെടുത്തിട്ടുണ്ട്. 2022-23 വർഷത്തിൽ ഈ തുക തിരികെ ലഭിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ടിയിരുന്ന ഫണ്ട്

വിനിയോഗിക്കാത്തതെ നഷ്ടപ്പെടുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-30 പഞ്ചായത്ത് ഓഫീസിലും അങ്കണവാടികളിലും കുടിവെള്ള സൗകര്യമൊരുക്കൽ - അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് | SO 170/21-22, പഞ്ചായത്താഫീസ്, അങ്കണവാടികൾ കുടിവെള്ള സൗകര്യമൊരുക്കൽ - തുക കൈമാറൽ |
| അടങ്കൽ | 6,24,192/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 4,09,753/-<br>( സാംഖ്യാ ബിൽ നം. 124/21-22തീയതി 01.11.21, 85,730/-രൂപ<br>സാംഖ്യാ ബിൽ നം. 352/21-22തീയതി 30.03.22, 2,21397/-രൂപ<br>സാംഖ്യാ ബിൽ നം. 360/21-22തീയതി 130.03.22 , 1,02,626/-രൂപ) |
| നിർവ്വഹണം | സെക്രട്ടറി |

ഏറാമല ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലും നാല് അങ്കണവാടികളിലും (സെന്റർ നമ്പർ 92, 98, 100 & 104) കുഴർക്കിണർ നിർമ്മിച്ച് മോട്ടോർ പമ്പ് സ്ഥാപിച്ച് കുടിവെള്ള സൗകര്യമൊരുക്കുന്നതിന് വേണ്ടി 2020-21 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി ആവിഷ്കരിച്ച 23/20-21 നമ്പർ പ്രോജക്റ്റിന്റെ സ്പിൽ ഓവർ പ്രോജക്റ്റായാണ് 2021-22 സാമ്പത്തിക വർഷം മേൽ പ്രോജക്റ്റ് നടപ്പാക്കിയത്. പ്രോജക്റ്റ് പൂർത്തിയാവാത്തതിനാൽ 2022-23 സാമ്പത്തിക വർഷത്തിലും ഇതുമായി ബന്ധപ്പെട്ട സ്പിൽഓവർ പ്രോജക്റ്റ് (നം. SO29/22-23) ഉൾപ്പെടുത്തിയിട്ടുണ്ട്. SO 170/21-22 നമ്പർ പ്രോജക്റ്റ് നടപ്പാക്കിയയിലെ അപാകതകൾ താഴെ ചേർക്കുന്നു.

(1) പഞ്ചായത്ത് ഓഫീസ്, അങ്കണവാടി നമ്പർ 109 എന്നിവിടങ്ങളിൽ നിർമ്മിച്ച കുഴൽകിണറുകളിൽ മോട്ടോർ പമ്പ് സ്ഥാപിക്കുന്നതിനായി റെയ്ഡ്കോയെ ആണ് ചുമതലപ്പെടുത്തിയത്. ടെണ്ടർ നടപടികൾ കൂടാതെ നേരിട്ടാണ് റെയ്ഡ്കോയെ പമ്പ് സെറ്റ് സ്ഥാപിക്കൽ പ്രവൃത്തിക്കായി തിരഞ്ഞെടുത്തിട്ടുള്ളത്. ഇത്തരത്തിൽ റെയ്ഡ്കോയെ നേരിട്ട് തെരഞ്ഞടുക്കുന്നതിന് അനുമതി നൽകികൊണ്ടുള്ള സർക്കാർ ഉത്തരവ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ടെണ്ടർ നടപടികൾ കൂടാതെ സാധന സാമഗ്രികൾ വാങ്ങുന്നതിന് അനുമതിയുള്ള സ്ഥാപനങ്ങളിൽ നിന്നുപോലും അവർ സ്വയം നിർമ്മിക്കുന്ന സാധനങ്ങൾ മാത്രമേ നേരിട്ട് വാങ്ങാവൂ എന്നും അങ്ങിനെയല്ലാത്തവ നിർബന്ധമായും പരസ്യ ടെണ്ടർ മുഖേന വാങ്ങേണ്ടതാണ് എന്നും 02.12.2016ലെ 3299/2016/തസ്വഭവ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ കിർലോസ്കർ കമ്പനിയുടെ പമ്പ് സെറ്റാണ് റെയ്ഡ്കോ സ്ഥാപിച്ചിട്ടുള്ളത്. കൂടാതെ രണ്ട് സ്ഥലങ്ങളിലും താഴെ കാണിച്ച പ്രകാരം വളരെ ഉയർന്ന

ഇൻസ്റ്റാലേഷൻ ചാർജ്ജാണ് റെയ്ഡ്കോ ഈടാക്കിയിട്ടുള്ളത്.

| മോട്ടോർ സ്ഥാപിച്ച സ്ഥലം | പമ്പിന്റെ വില | അനുബന്ധ സാമഗ്രികളുടെ വില | ഇൻസ്റ്റലേഷൻ ചാർജ്ജ് | ആകെ |
|---|---|---|---|---|
| പഞ്ചായത്ത് ഓഫീസ് | 18,032 | 70,552 | 31,270 | 1,19,854 |
| അങ്കണവാടി നം. 109 | 22,618 | 47,655 | 31,270 | 1,01,543 |
| ആകെ | | | | 2,21397 |

സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി റെയ്ഡ്കോയിൽ നിന്ന് നേരിട്ട് വാങ്ങൽ നടത്തിയത് മൂലം പരസ്യ ടെണ്ടർ നടത്തിയിരുന്നെങ്കിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ചേക്കാമായിരുന്ന ലാഭം നഷ്ടമായിട്ടുണ്ട്.

(2) പ്രോജക്റ്റിൽ ഉൾപ്പെടുത്തി നെല്ലോളി കാരായി അങ്കണവാടി (സെന്റർ നമ്പർ 100), കൊരട്ടോൽ അങ്കണവാടി (സെന്റർ നമ്പർ 104) എന്നിവിടങ്ങളിൽ നിർമ്മിച്ച കുഴൽകിണറുകളിൽ ഇതു വരെ പമ്പ്സെറ്റ് സ്ഥാപിച്ചിട്ടില്ലാത്തതിനാൽ അവ ഉപയോഗക്ഷമമായിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 22/2021-22 തീയതി 10.03.2023) മറുപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ പഞ്ചായത്ത് ഓഫീസ്, അങ്കണവാടി നമ്പർ 109 എന്നിവിടങ്ങളിൽ പമ്പ്സെറ്റ് സ്ഥാപിക്കുന്നതിനായി ചെലവായ 2,21,397/- രൂപയും നെല്ലോളി കാരായി അങ്കണവാടി കൊരട്ടോൽ അങ്കണവാടി എന്നിവിടങ്ങളിൽ കുഴൽകിണർ നിർമ്മിക്കാൻ ചെലവായ 97,775/- രൂപയും (73,223 + 24,552) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-31 ബയോമാസ് ഷ്രെഡ്ഡിങ്ങ് യൂണിറ്റ് ലഭ്യമായിട്ടും സ്ഥാപിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് | 202/21-22,<br>അജൈവമാലിന്യ സംസ്കരണ പ്ലാന്റിന് ബയോമാസ്സ് ഷ്രെഡ്ഡിങ്ങ് മെഷീൻ വാങ്ങൽ |
| അടങ്കൽ | 4,38,320/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്-ടൈഡ്) |

| | |
|---|---|
| ചെലവ് | 4,38,320/- ( സാംഖ്യാ ബിൽ നം. 305/21-22 തീയതി 23.03.22,) |
| നിർവ്വഹണം | സെക്രട്ടറി |

ഏറാമല ഗ്രാമപഞ്ചായത്തിലെ ഹരിതതീരം ജൈവമാലിന്യ പ്ലാന്റിൽ സ്ഥാപിക്കുന്നതിനായി ബയോമാസ് ഷ്രെഡ്ഡിങ്ങ് യൂണിറ്റ് വാങ്ങുന്നതിന് ഐ.ആർ.ടി.സിയുമായി 21.03.2022ന് ഗ്രാമപഞ്ചായത്ത് കരാറിലേർപ്പെട്ടിട്ടുണ്ട് (കരാർ നമ്പർ 08/21-22). കരാർ പ്രകാരം യൂണിറ്റിന് നിശ്ചയിച്ച വില സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---:|
| ഷ്രെഡ്ഡിങ്ങ് മെഷിൻ | 11,77,000 |
| കൺവെയർ | 2,35,0001 |
| ആകെ | 14,12,000 |

മേൽ പ്രോജക്റ്റ് പ്രകാരം അഡ്വാൻസ് തുകയായി 4,38,320/- നൽകിയതിനെ തുടർന്ന് വിതരണ സ്ഥാപനമായ ഐ.ആർ.ടി.സി 13.07.2022 ന് ഷ്രെഡ്ഡിങ്ങ് യൂണിറ്റ് സ്ഥലത്തെത്തിച്ച് നൽകിയിട്ടുണ്ടെങ്കിലും ആയത് ഇതു വരെ സ്ഥാപിച്ചിട്ടില്ല. നിലവിൽ മെഷിൻ ഗ്രാമപഞ്ചായത്ത് കാര്യാലയത്തിനടുത്തുള്ള കമ്മ്യൂണിറ്റി ഹാളിന്റെ വരാന്തയിൽ താർപായ കൊണ്ട് മൂടിയിട്ട നിലയിലാണുള്ളത്. ഹരിതകർമ്മസേനയുടെ മേൽനോട്ടത്തിൽ മാതൃകാപരമായി പ്രവർത്തിച്ച വരുന്ന ജൈവമാലിന്യ പ്ലാന്റിൽ നിലവിലുണ്ടായിരുന്ന ഷ്രെഡ്ഡിങ്ങ് യൂണിറ്റ് പ്രവർത്തനരഹിതമായിട്ടും പുതുതായി വാങ്ങിയ യൂണിറ്റ് ഇതു വരെ സ്ഥാപിക്കാത്തതു മൂലം ജൈവമാലിന്യ സംസ്കരണവും ജൈവ വളനിർമ്മാണവും തടസ്സപ്പെട്ടിരിക്കുകയാണ്.

വലിയ വിലയുള്ള മെഷിൻ ലഭ്യമായിട്ടും നാളിതുവരെ സ്ഥാപിക്കാത്തതിന്റെ കാരണം അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 23/2021-22 തീയതി 10.03.2023) മറുപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവ് തുക 4,38,320/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മെഷിൻ അടിയന്തിരമായി സ്ഥാപിച്ച്, പ്രവർത്തനക്ഷമമാണെന്ന് ഉറപ്പ വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-32 ജി.ഐ.എസ് മാപ്പിങ്ങ് - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് | 37/21-22, ജി.ഐ.എസ് മാപ്പിങ്ങ് |
| അടങ്കൽ | 26,21,685/- |

| | |
|---|---|
| | (വികസന ഫണ്ട് -പൊതുവിഭാഗം 6,21,685 + തനത് ഫണ്ട് 20,00,000 ) |
| ചെലവ് | 25,60,152/- |
| നിർവ്വഹണം | സെക്രട്ടറി |

ഏറാമല ഗ്രാമപഞ്ചായത്തിൽ ജി.ഐ.എസ് സംവിധാനം ഒരുക്കാനും, അതു മുഖേന ഗ്രാമപഞ്ചായത്തിലെ മുഴുവൻ ആസ്തികളുടെ മാപ്പിങ്ങും കെട്ടിടങ്ങളുടെ വിവരശേഖരണവും നടത്തി പഞ്ചായത്തിനെ സംബന്ധിച്ച മുഴുവൻ വിവരങ്ങളും ഡിജിറ്റലൈസ് ചെയ്യാനും ഉദ്ദേശിച്ചാണ് മേൽ പ്രൊജക്റ്റ് ആവിഷ്കരിച്ചിട്ടുള്ളത്. ഉരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി മുഖേനയാണ് പ്രോജക്റ്റ് നടപ്പാക്കിയിട്ടുള്ളത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി മുഖാന്തിരം ജി.ഐ.എസ് മാപ്പിങ്ങ് നടത്തുന്നതിന് 04.10.2018ലെ 2556/2018/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം വ്യവസ്ഥകൾക്ക് വിധേയമായി സർക്കാർ അനുമതി നൽകിയിട്ടുണ്ട്. മാപ്പിങ്ങ് ഐ.കെ.എം സൂപ്പർവൈസ് ചെയ്യേണ്ടതാണെന്നും, ഐ.കെ.എം വികസിപ്പിച്ച് വിന്യസിച്ചിരിക്കുന്ന ബന്ധപ്പെട്ട സോഫ്റ്റ് വെയറുകളുമായി സംയോജിപ്പിക്കാവുന്ന രീതിയിൽ വേണം ജി.ഐ.എസ് മാപ്പിങ്ങ് നടത്തേണ്ടതെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പ്രോപ്പർട്ടി അസസ്മെന്റിന് ജി.ഐ.എസ് മാപ്പിങ്ങ് ഉപകരിക്കണമെന്നും, തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലുള്ള കുടുംബങ്ങളുടെ സോഷ്യോളജിക്കൽ ഡാറ്റ കൂടി മാപ്പിങ്ങ് പരിധിയിൽ കൊണ്ടു വരണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ തന്നെ മാപ്പിങ്ങിന് അനുവദനീയമായ നിരക്കും സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. വീടൊന്നിന് 110/- രൂപയും, സ്ക്വയർ കിലോമീറ്ററിന് 7,000/- രൂപയുമാണ് അനുവദനീയമായ നിരക്ക്

ജി.ഐ.എസ് മാപ്പിങ്ങ് നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് 07.10.2021 ന് ഉരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായി കരാറിലേർപ്പെടുകയും നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലായി അവർ നൽകിയ ബില്ലുകളുടെ അടിസ്ഥാനത്തിൽ താഴെ ചേർക്കും പ്രകാരം തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | പ്രവൃത്തി | അനുവദിച്ച തുക | സാംഖ്യാ ബിൽ നമ്പർ / തീയതി |
|---|---|---|---|
| 1 | മൊബിലൈസേഷൻ അഡ്വാൻസ് | 7,68,045 | 132/21-22 തീയതി 12.11.21 |

| | | | |
|---|---|---|---|
| 2 | വെബ്ബ് കോൺഫിഗറേഷൻ & മാപ്പിങ്ങ് (5,90,000/-) | 11,97,252 | 225/21-22 തീയതി 14.02.22 |
| | ബേസ് മാപ്പ് & ഡ്രോൺ സർവ്വേ ( 6,07,252/-) | | |
| 3 | ഹൗസ് ഹോൾഡ് സർവ്വേയും അനുബന്ധ പ്രവർത്തനങ്ങളും ( 3,89,400/-) | 5,94,855 | 312/21-22 തീയതി 24.03.22 |
| | ഹൗസ് ഹോൾഡ് സർവ്വേയും അനുബന്ധ പ്രവർത്തനങ്ങളും ( 2,05,455/-) | | |
| ആകെ | | 25,60,152 | |

പ്രോജക്റ്റ് നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

(1) മാപ്പിങ്ങിന് സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം ഐ.കെ.എമ്മിന്റെ മേൽനോട്ടം ഉണ്ടായതായി കാണുന്നില്ല. കൂടാതെ ഐ.കെ.എം വികസിപ്പിച്ച് വിന്യസിച്ചിരിക്കുന്ന ഒരു സോഫ്റ്റ്‌വെയറുമായും പ്രൊജക്റ്റ് പ്രകാരം ശേഖരിച്ച വിവരങ്ങൾ നിലവിൽ സംയാജിപ്പിച്ചിട്ടില്ല. ഐ.കെ.എം സോഫ്റ്റ്‌വെയറുകളുമായി സംയോജിപ്പിക്കാവുന്ന രീതിയിലാണോ ജി.ഐ.എസ് മാപ്പിങ്ങ് നടത്തിയിട്ടുള്ളത് എന്നും വ്യക്തമല്ല.

തൊഴിലുറപ്പ് പദ്ധതിയുടെ ജി.ഐ.എസ് ആക്ഷൻ പ്ലാൻ രൂപീകരിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തിലെ മുഴുവൻ സ്വകാര്യ വ്യക്തികളുടെ ഭൂമിവിവരങ്ങളും ജി.ഐ.എസ് അധിഷ്ഠിത സോഫ്റ്റ് വെയറിൽ അപലോഡ് ചെയ്യുന്നതിനായി 26.07.2021ലെ 320/21-22 നമ്പർ സാംഖ്യാ വൗച്ചർ പ്രകാരം 1,01,513/- രൂപ അനുവദിച്ചിട്ടുണ്ട്. 90 എന്യൂമറേറ്റർമാരെ വച്ച് പ്ലോട്ട് ഒന്നിന് 7.50 രൂപ തോതിൽ ആകെ 13,535/- പ്ലോട്ടുകൾ സർവ്വേ ചെയ്യുന്നതിനാണ് പ്രസ്തുത തുക ചെലവഴിച്ചിട്ടുള്ളത്. ഒരേ സമയം ഗ്രാമപഞ്ചായത്തിൽ രണ്ട് ജി.ഐ.എസ് മാപ്പിങ്ങും സർവ്വേയും നടത്തേണ്ടി വന്നു എന്ന വസ്തുത ഇവ വഴി ശേഖരിച്ച വിവരങ്ങൾ പരസ്പരം സംയോജിപ്പിക്കാവുന്ന രീതിയിലല്ല വിന്യസിച്ചിരിക്കുന്നത് എന്നാണ് വ്യക്തമാക്കുന്നത്.

(2) പ്രോജക്റ്റ് പ്രകാരം 10,500 വീടുകളുടെ സർവ്വേ നടത്തിയതിന് 110/- രൂപ നിരക്കിൽ 11,55,00/- രൂപ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ

അത്രയും വീടുകൾ ഗ്രാമപഞ്ചായത്തിൽ ഉണ്ടോ എന്നും അവയുടെ സർവ്വേ വിവരങ്ങൾ ലഭ്യമായിട്ടുണ്ടോ എന്നും തുക നൽകുന്നതിന് മുൻപ് ഒരു വിധത്തിലും പരിശോധിച്ച് ഉറപ്പു വരുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിലവിൽ 10,203 വീടുകൾ മാത്രമാണ് ഉള്ളത്. സർവ്വേ നടത്തുന്ന സമയത്ത് അത്രയും വീടുകൾ ഉണ്ടായിരുന്നോ എന്നു പോലും വ്യക്തമല്ല.

(3) സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം കുടുംബങ്ങളുടെ ഏതെല്ലാം സോഷ്യോളജിക്കൽ ഡാറ്റ മാപ്പിങ്ങ് പരിധിയിൽ കൊണ്ടു വന്നിട്ടുണ്ട് എന്ന വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

(4) വലിയ തുക ചെലവഴിച്ച് നടത്തിയ സർവ്വേ /മാപ്പിങ്ങ് പ്രവർത്തനങ്ങളിലൂടെ സമാഹരിച്ച പ്രസക്തമായ യാതൊരു വിവരങ്ങളും പൊതുജനങ്ങൾക്ക് പ്രാപ്യമാക്കുന്നതിനുള്ള നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടില്ല.

അപാകതൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 24/2021-22 തീയതി 10.03.2023) മറുപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവ് തുക 25,60,152/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-33 കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും മെയിന്റനൻസ് - സ്റ്റോക്ക് സംബന്ധിച്ച് കൃത്യമായ വിവരങ്ങളില്ല

| | |
|---|---|
| പ്രോജക്റ്റ് | 07/21-22,<br>കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും മെയിന്റനൻസ് |
| അടങ്കൽ | 1,00,000/--<br>(വികസന ഫണ്ട് -പൊതുവിഭാഗം 60,000 + തനത് ഫണ്ട് 40,000 ) |
| ചെലവ് | 94695/-<br>( സാംഖ്യാ ബിൽ നം. 77/21-22 തീയതി 24.09.21, 60,000/-രൂപ<br>സാംഖ്യാ ബിൽ നം. 78/21-22 തീയതി 24.09.21, 34,695/-രൂപ) |
| നിർവ്വഹണം | സെക്രട്ടറി |

മേൽ പ്രോജക്റ്റ് പ്രകാരം ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെയും അനുബന്ധ ഓഫീസുകളിലെയും കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും വാർഷിക മെയിന്റനൻസിനായി കെൽട്രോണിന് 94,695/- രൂപ നൽകിയിട്ടുണ്ട്. ആകെ 15 കമ്പ്യൂട്ടറുകളുടെ മെയിന്റനൻസാണ് കരാറിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്തിലെ കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ മെയിന്റനൻസ് കോൺട്രാക്റ്റിൽ ഉൾപ്പെടുത്തിയ ഉപകരണങ്ങൾ വാറന്റി കാലാവധിയിലുള്ളവയാണോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 25/2021-22 തീയതി 10.03.2023) മറുപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവ് തുക 94,695/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും സ്റ്റോക്ക് വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-34 സംയുക്ത പരിശോധന നടത്താതെ വെള്ളക്കരം അടവാക്കുന്നു

ഏറാമല ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കരമായി മുൻവർഷത്തെ കുടിശ്ശിക തുകയായ 353 രൂപയടക്കം ആകെ 1,10,609/- രൂപ 2021-22 സാമ്പത്തിക വർഷം കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയിൽ നിന്നുമുള്ള ഡിമാന്റ് നോട്ടീസ് പ്രകാരം ഗ്രാമപഞ്ചായത്തിൽ 20 പൊതു കുടിവെള്ള ടാപ്പുകളാണ് ഉള്ളത്. ടാപ്പൊന്നിന് വാർഷിക വെള്ളക്കരം 5,512.50/- രൂപ നിരക്കിൽ 20 ടാപ്പുകൾക്കുള്ള വെള്ളക്കരമായി പ്രതിമാസം 9,188/- രൂപയാണ് നിലവിൽ അടവാക്കി വരുന്നത്.

ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായി ചേർന്ന് പൊതുടാപ്പുകളുടെ സംയുക്തപരിശോധന നടത്തുകയോ, പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണവും അവ സ്ഥിതി ചെയ്യുന്ന സ്ഥലവും രേഖപ്പെടുത്തിയിട്ടുള്ള സ്ട്രീറ്റ് ടാപ്പ് രജിസ്റ്റർ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. അതു മൂലം ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള മുഴുവൻ ടാപ്പുകളും നിലവിൽ പ്രവർത്തനക്ഷമമായിട്ടുള്ളവയാണോ എന്ന് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.

സംയുക്ത പരിശോധന നടത്തി പൊതു ടാപ്പുകളുടെ എണ്ണം ഉറപ്പുവരുത്താതെ വെള്ളക്കരം അടവാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 26/2021-22 തീയതി 10.03.2023) മറുപടി ലഭിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും, അടിയന്തിരമായി സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം തീർച്ചപ്പെടുത്തി ആയതിന്റെ അടിസ്ഥാനത്തിൽ വെള്ളക്കരം അടവാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-35 തെരുവുവിളക്കുകൾ സംബന്ധിച്ച് കൃത്യമായ വിവരങ്ങളില്ല

കെ.എസ്.ഇ.ബിയുടെ ഓർക്കാട്ടേരി, അഴിയൂർ സെക്ഷനുകളിൽ നിന്നുള്ള ഡിമാന്റ് നോട്ടീസുകളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജായി 2021-22 സാമ്പത്തിക വർഷം 9,56,091/- രൂപ അടവാക്കിയിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തി തെരുവിളക്കുകളുടെ എണ്ണം, ഇനം എന്നിവ തീർച്ചപ്പെടുത്താതെയാണ്

വൈദ്യുതി ചാർജ്ജ് അടവാക്കിയിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 27/2021-22 തീയതി 10.03.2023) മറുപടി ലഭിച്ചിട്ടില്ല.

കെ.എസ്.ഇ.ബിയുമായി ചേർന്ന് അടിയന്തിരമായി സംയുക്ത പരിശോധന നടത്തേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ തെരുവിളക്കുകളുടെ എണ്ണം, സ്ഥാനം, തരം എന്നിവ വ്യക്തമാക്കുന്ന തെരുവുവിളക്ക് രജിസ്റ്റർ തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-36 സർക്കാർ നിർദ്ദേശം പാലിക്കാതെ യൂണിഫോം അലവൻസ് നൽകി

ഏറാമല ഗ്രാമപഞ്ചായത്തിലെ സീനിയർ ഗ്രേഡ് ഡ്രൈവറായ ശ്രീ.ഗ്ലാസ്റ്റിൻ ജേക്കബ്ബ് എന്നവർക്ക് 29.09.2021ലെ 22100562 നമ്പർ സാംഖ്യാ വൗച്ചർ പ്രകാരം 2021-22 സാമ്പത്തിക വർഷത്തെ യൂണിഫോം അലവൻസായി 2,700/- രൂപ അനുവദിച്ചിട്ടുണ്ട്. ജോലി സമയത്ത് യൂണിഫോം ധരിക്കുന്നതിൽ വീഴ്ച വരുത്തുന്നതല്ല എന്നും, വീഴ്ച വരുത്തുന്ന പക്ഷം യൂണിഫോം അലവൻസായി കൈപ്പറ്റുന്ന തുക സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പിഴപലിശ സഹിതം തിരിച്ചടയ്ക്കുന്നതാണെന്നും വ്യക്തമാക്കിക്കൊണ്ട് നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രം യൂണിഫോം അലവൻസിനുള്ള അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യണമെന്ന് 23.05.2017ലെ 38/2017/ഫിൻ നമ്പർ പരിപത്രത്തിലെ ഖണ്ഡിക 5ൽ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത സാക്ഷ്യപത്രം വാങ്ങിക്കാതെയാണ് ശ്രീ. ഗ്ലാസ്റ്റിൻ ജേക്കബ്ബ് , സീനിയർ ഗ്രേഡ് ഡ്രൈവർക്ക് യൂണിഫോം അലവൻസ് അനുവദിച്ചിട്ടുള്ളത്.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 28/2021-22 തീയതി 10.03.2023) മറുപടി ലഭിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും, സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-37 ചട്ടങ്ങൾ പാലിക്കാതെ യാത്രാ ബത്ത അനുവദിച്ചു

യാത്ര നടത്തിയ മാസം അവസാനിച്ചാൽ ഉടൻ തന്നെ യാത്രാബത്തയ്ക്ക് അർഹത വരുന്നതാണെന്നും, യാത്രാബത്തയ്ക്ക് അർഹമാവുന്ന തീയതി മുതൽ ഒരു വർഷത്തിനകം ബത്ത അവകാശപ്പെട്ടിരിക്കണമെന്നും യഥാക്രമം കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 53(ബി)(6), കേരള സർവ്വീസ് റൂൾസ് വാല്യം 1 ഭാഗം 2 ചട്ടം 2(എ)യിലും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ അർഹമായ തീയതി മുതൽ രണ്ട് വർഷത്തിനകം തുക മാറിയിരിക്കണമെന്നും, രണ്ട് വർഷത്തിന് ശേഷം സർക്കാറിന്റെ പ്രത്യേക അനുമതിയുണ്ടെങ്കിലേ തുക മാറാനാകൂ എന്നും കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 56(ബി)(ii)ലും വ്യക്തമാക്കിയിട്ടുണ്ട്.

ഏറാമല ഗ്രാമപഞ്ചായത്തിലെ സീനിയർ ഗ്രേഡ് ഡ്രൈവറായ ശ്രീ ഗ്ലാസ്റ്റിൻ ജേക്കബ്ബ് എന്നവർ 2019

ജനുവരി മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിലെ യാത്രാബത്ത അനുവദിച്ച് കിട്ടുന്നതിനായി 09.03.2021 ന് അപേക്ഷിക്കുകയും ആയത് പരിഗണിച്ച് 11.08.2021ലെ 22100373 നമ്പർ വൗച്ചർ പ്രകാരം 13,653/- രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. യാത്രാ ബത്താ ക്ലെയിമുകളുടെ സമയപരിധി സംബന്ധിച്ച് ഫിനാൻഷ്യൽ കോഡിലെയും, കേരള സർവ്വീസ് റൂൾസിലെയും മേൽപ്പറഞ്ഞ നിർദ്ദേശങ്ങളൊന്നും പാലിക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത്.

അപാകതയ്ക്ക് വിശദികരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 29/2021-22 തീയതി 10.03.2023) മറുപടി ലഭിച്ചിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതും, യാത്രാ ബത്ത അനുവദിക്കുമ്പോൾ ബന്ധപ്പെട്ട ചട്ടങ്ങളും സർക്കാർ നിർദ്ദേശങ്ങളും കർശനമായി പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

### 1-38 മഴക്കാലപൂർവ്വ ശുചീകരണം - ചെലവ് രേഖകൾ ഹാജരാക്കിയില്ല

2021-22ലെ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 10.12.2021ലെ 22100867 നമ്പർ സാംഖ്യാ വൌച്ചർ പ്രകാരം സി.എച്ച്.സി മെഡിക്കൽ ഓഫീസർക്ക് 1,90,000/- രൂപ അനുവദിച്ചിട്ടിണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് നടത്തിയ പ്രവൃത്തികളുടെ വിവരങ്ങളും, ചെലവ് രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 30/2021-22 തീയതി 10.03.2023) മറുപടി നൽകുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവ് തുക 1,90,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-39 ബയോ കമ്പോസ്റ്റർ ബിൻ വിതരണം - തുടർ നിരീക്ഷണമില്ല

ഏറാമല ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ നിർവ്വഹണത്തിൽ ഗാർഹികതല ജൈവഖരമാലിന്യ സംസ്കരണ സംവിധാനമായ ബയോകമ്പോസ്റ്റർ ബിന്നുകൾ വിതരണം ചെയ്തിട്ടുണ്ട്. വിതരണം ചെയ്ത യൂണിറ്റുകളെ സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് | പ്രോജക്ട് പ്രകാരം വിതരണത്തിനായി വിഭാവനം ചെയ്ത യൂണിറ്റുകളുടെ എണ്ണം | 2021-22 ലെ ചെലവ് | വിതരണം ചെയ്ത യൂണിറ്റുകളുടെ എണ്ണം |
|---|---|---|---|---|
| 1 | 22/21-22 ബയോകമ്പോസ്റ്റർ ബിൻ വിതരണം | 100 | 1,36,080 | 84 |

| | | | | |
|---|---|---|---|---|
| | (എസ്.സി) | | | |
| 2 | 24/21-22 ബയോകമ്പോസ്റ്റർ ബിൻ വിതരണം (ജനറൽ) | 750 | 5,47,920 | 596 |

മേൽ പ്രോജക്റ്റുകളുടെ പൂർത്തീകരണത്തിനായി 2022-23 സാമ്പത്തിക വർഷത്തിൽ സ്പിൽഓവർ പ്രോജക്റ്റുകളും ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട് [SO 90/22-2 ബയോകമ്പോസ്റ്റർ ബിൻ വിതരണം (എസ്.സി), SO 91/22-23 ബയോകമ്പോസ്റ്റർ ബിൻ വിതരണം (ജനറൽ)].

ബിന്നുകൾ കൈപ്പറ്റിയത് സംബന്ധിച്ച് ഗുണഭോക്താക്കളുടെ സാക്ഷ്യപത്രം ബന്ധപ്പെട്ട പ്രോജക്റ്റ് ഫയലുകളിൽ ഉണ്ടെങ്കിലും അവ ഉപയോഗപ്പെടുത്തി ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ കാര്യക്ഷമമായി സംസ്കരിക്കപ്പെടുന്നുണ്ടോ എന്നത് സംബന്ധിച്ച തുടർനിരീക്ഷണ റിപ്പോർട്ടുകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 31 /2021-22 തീയതി 10.03.2023) മറുപടി ലഭിച്ചിട്ടില്ല.

വിതരണം ചെയ്ത ബയോകമ്പോസ്റ്റർ ബിന്നുകൾ ഉപയോഗപ്പെടുത്തി ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ കാര്യക്ഷമമായി സംസ്കരിക്കപ്പെടുന്നുണ്ട് എന്നത് ഉറപ്പ് വരുത്തേണ്ടതാണ്. ജൈവമാലിന്യ സംസ്കരണ ഉപാധികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള സേവനം നൽകുക എന്നുള്ളത് ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങളിലൊന്നാണെന്ന് 12.08.2020 ലെ ജി.ഒ (ആർ.റ്റി)1496/2020 /തസ്വഭവ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ അവരുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

1-40 മാറ്റി വയ്ക്കപ്പെട്ട ശമ്പളവിഹിതം സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി തിരികെ നൽകി

കോവിഡ് - 19 വ്യാപനത്തെ തുടർന്ന് സംജാതമായ സാമ്പത്തിക സാഹചര്യം കൈകാര്യം ചെയ്യുന്നതിനായി സർക്കാർ ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് നീക്കിവയ്ക്കപ്പെട്ട വിഹിതം 2021 ഏപ്രിൽ മാസം മുതൽ 5 തുല്യ മാസഗഡുക്കളായി തിരികെ നൽകാനാണ് 26.02.2021ലെ ജി.ഒ (പി) നമ്പർ 43/2021/ഫിൻ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശിച്ചിരുന്നത്. പെൻഷൻ പറ്റിയവർ, മരണപ്പെട്ടവർ, പ്രൊവിഡന്റ് ഫണ്ട് വരിക്കാരല്ലാത്ത ജീവനക്കാർ/അദ്ധ്യാപകർ എന്നിവരുടെ കാര്യത്തിൽ മാത്രമാണ് മാറ്റി വയ്ക്കപ്പെട്ട തുക ഒറ്റത്തവണയായി നൽകുന്നതിന് മേൽ ഉത്തരവ് പ്രകാരം അനുമതിയുണ്ടായിരുന്നത്. എന്നാൽ ഏറാമല ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ മാറ്റിവയ്ക്കപ്പെട്ട ശമ്പളവിഹിതമായ 5,65,055/- രൂപ 26.04.2021 ലെ 22100054 നമ്പർ സാംഖ്യാ വൗച്ചർ പ്രകാരം

ഒറ്റത്തവണയായി ബന്ധപ്പെട്ടവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് തിരികെ നൽകിയിട്ടുണ്ട്.

അപാകതയക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 32/2021-22 തീയതി 10.03.2023) മറുപടി ലഭിച്ചിട്ടില്ല. മറുപടി നൽകേണ്ടതും സർക്കാർ നിർദ്ദേശങ്ങൾ കർശമനായി പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

1-41 ധനസഹായം കൈപ്പറ്റി പ്രവൃത്തി പൂർത്തികരിക്കാത്ത ഗുണഭോക്താവിൽ നിന്ന് തുക തിരികെ ഈടാക്കിയില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2019-20 സാമ്പത്തിക വർഷം നിർവ്വഹണം നടത്തിയ 08/2019-20 നമ്പർ പ്രോജക്റ്റ് പ്രകാരം വീട് വാസയോഗ്യമാക്കുന്നതിനായി 07.01.2020ന് 50,000/- രൂപ ധനസഹായം കൈപ്പറ്റിയ ഏറാമല ഗ്രാമപഞ്ചായത്ത് വാർഡ് 4ലെ ഗുണഭോക്താവായ ശ്രീകെ.സുനിൽകുമാർ (4/331, കൊടലിൽ, ആദിയൂർ) എന്നവർ ഭവനപുനരുദ്ധാരണം നടത്തുന്നതിന് പകരം വീട് പൊളിച്ച കളഞ്ഞ് പുതിയ വീട് നിർമ്മിക്കുന്നതായി കണ്ടെത്തിയതിനെ തുടർന്ന് ടിയാൾക്ക് അനുവദിച്ച തുക പലിശ സഹിതം തിരികെ ഈടാക്കാൻ 2019-20 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-1 പ്രകാരം നിർദ്ദേശിച്ചിരുന്നു. എന്നാൽ മേൽ തുക നാളിതു വരെ തിരികെ ഇടാക്കിയിട്ടില്ല.

തുക അടിയന്തിരമായി തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-42 ഹരിതകർമ്മസേന – ബെയിലിങ്ങ് മെഷിൻ പ്രവർത്തനരഹിതം

മാതൃകാപരമായി പ്രവർത്തിക്കുന്ന മുപ്പത്തിനാല് അംഗ ഹരിതകർമ്മ സേനയാണ് ഏറാമല ഗ്രാമപഞ്ചായത്തിലെ മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വരുന്നത്. ഇവരിൽ 30 പേർ അജൈവമാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിലും, 4 പേർ ജൈവമാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിലുമാണ് ഏർപ്പെട്ട് വരുന്നത്. ഗ്രാമപഞ്ചായത്തിലെ എം.സി.എഫിൽ സ്ഥാപിച്ചിട്ടുള്ള ബെയിലിങ്ങ് മെഷിൻ നിലവിൽ പ്രവർത്തനക്ഷമമല്ല. അജൈവമാലിന്യങ്ങൾ കയ്യൊഴിയുന്നതിനായി ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള 'ഇക്കോ ഗാർഡ്സ്' എന്ന സ്ഥാപനം ബെയ്ൽ ചെയ്ത് നൽകുന്ന പുനരുപയോഗസാധ്യതയുള്ള മാലിന്യങ്ങൾക്ക് ബെയ്ൽ ചെയ്യാത്തതിനേക്കാൾ ഉയർന്ന നിരക്കാണ് നൽകി വരുന്നത്. ഇക്കോ ഗാർഡിന് കിലോയ്ക്ക് 5 രൂപ നൽകി കയ്യൊഴിയേണ്ട പുനരുപയോഗ സാധ്യതയില്ലാത്ത മാലിന്യങ്ങൾ (റിജക്റ്റഡ് വേസ്റ്റ്) പോലും ബെയ്ൽ ചെയ്ത് നൽകിയാൽ കിലോയക്ക് 2 രൂപ നിരക്കിൽ ഹരിതകർമ്മ സേനയ്ക്ക് പ്രതിഫലമായി ലഭിക്കുമെന്നിരിക്കേ ബെയിലിങ്ങ് മെഷിൻ പ്രവർത്തനരഹിതമായി കിടക്കുന്നത് വലിയ വീഴ്ചയാണ്. ഹരിതകർമ്മ സേനയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കുക എന്നുള്ളത് ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്തമാണ്. ബെയിലിങ്ങ് മെഷിൻ പ്രവർത്തനക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ

അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 34/2021-22 തീയതി 10.03.2023) മറുപടി ലഭിച്ചിട്ടല്ല.

മെഷിൻ പ്രവർത്തനക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-43 ഇരട്ടലക്ഷം വീട് ഒറ്റവീടാക്കൽ - പദ്ധതിയുടെ ഗുണം ലഭിച്ചത് വളരെ കുറച്ച് പേർക്ക് മാത്രം

ഏറാമല ഗ്രാമപഞ്ചായത്തിലെ പട്ടർപറമ്പ്, ആദിയൂർ എന്നിവിടങ്ങളിലുള്ള ലക്ഷം വീട് കോളനികളിൽ ഇരട്ട വീടുകളാണ് ഉള്ളത്. കാലപ്പഴക്കം മൂലം ജീർണ്ണാവസ്ഥയിലായ ഇവ റിപ്പയർ ചെയ്ത് വാസയോഗ്യമാക്കുന്നതിന് പ്രയാസമായതിനാൽ അവ ഒറ്റവീടുകളാക്കി പുനർനിർമ്മിക്കുന്നതിന് 2021-22 സാമ്പത്തിക വർഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി 51/21-22 നമ്പരായി പ്രോജക്റ്റ് ആവിഷ്കരിച്ചിരുന്നു. ഇതിനായി തയ്യാറാക്കി 23.07.2021ലെ 2/117(18) നമ്പർ തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ആകെ 66 ഗുണഭോക്താക്കളാണ് ഉള്ളത്.

എന്നാൽ 51/21-22 നമ്പർ പ്രോജക്റ്റിൽ അഞ്ച് ഗുണഭോക്താക്കൾക്ക് രണ്ട് ഗഡു ധനസഹായമായി രണ്ട് ലക്ഷം രൂപ വീതം നൽകുവാൻ മാത്രമേ സാധിച്ചിട്ടുള്ളു. ഇവർക്ക് ശേഷിക്കുന്ന ധനസഹായമായ രണ്ട് ലക്ഷം രൂപ നൽകുവാൻ 2022-23ൽ സ്പിൽ ഓവറായി പ്രോജക്റ്റ് വച്ചിട്ടുണ്ടെങ്കിലും ( SO 125/22-23) പ്രസ്തുത വർഷം പുതിയ ഗുണഭോക്താക്കൾക്ക് ആർക്കും ധനസഹായം അനുവദിച്ചിട്ടില്ല. ഇരട്ട ലക്ഷംവീടുകൾ ഒറ്റവീടാക്കുന്നതിനായി 2023-24 വർഷം വിഭാവനം ചെയ്തിരിക്കുന്ന പ്രൊജക്റ്റ് നമ്പർ 82/23-24ൽ ആകട്ടെ രണ്ട് പേർക്ക് മാത്രമാണ് ധനസഹായം നൽകാൻ ഉദ്ദേശിച്ചിട്ടുള്ളത്.

ലക്ഷം വീട് കോളനിയിലെ വീടുകൾ പരിതാപകരമായ അവസ്ഥയിലാണ് ഉള്ളതെന്നും, തികച്ചും അർഹരായിരുന്നിട്ടും ഫണ്ട് പരിമിതി മൂലമാണ് കൂടുതൽ ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കാൻ കഴിയാത്തത് എന്നുമാണ് ഓഡിറ്റ് വേളയിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ അറിയിച്ചിട്ടുള്ളത്. വീടുകളുടെ അവസ്ഥ പരിഗണിച്ച് സാധ്യമാവുന്ന പക്ഷം കൂടുതൽ ഫണ്ട് സ്വരൂപിച്ചും വകയിരുത്തിയും പരമാവധി ഗുണഭോക്താക്കൾക്ക് ധനസഹായം നൽകേണ്ടതിന്റെ ആവശ്യകത ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

### 1-44 ഐ.കെ.എമ്മിന് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രമില്ല

| | |
|---|---|
| പ്രോജക്റ്റ് | 02/21-22, ഐ.കെ.എമ്മിന് വിഹിതം നൽകൽ |
| അടങ്കൽ | 77,116/- (വികസന ഫണ്ട് - പൊതു വിഭാഗം) |

| | |
|---|---|
| ചെലവ് | 77,116/-<br>( സാംഖ്യാ ബിൽ നം. 79/21-22 തീയതി 24.09.2021 ,<br>70,000/-രൂപ<br>സാംഖ്യാ ബിൽ നം. 269/21-22 തീയതി 15.03.2022,<br>7,116/-രൂപ) |
| നിർവ്വഹണം | സെക്രട്ടറി |

ഐ.കെ.എം കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷനിൽ നിന്നുള്ള 20.04.2021ലെ ഐ.കെ.എം/എ7 /955/2021 നമ്പർ ഡിമാന്റ് ലെറ്ററിന്റെ അടിസ്ഥാനത്തിൽ മേൽ പ്രോജക്റ്റ് പ്രകാരം 2021-22 സാമ്പത്തിക വർഷത്തെ വിഹിതമായി ഐ.കെ.എമ്മിന് 77,116/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗം സംബന്ധിച്ച് ഐ.കെ.എമ്മിൽ നിന്നുള്ള സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 21/2021-22 തീയതി 10.03.2023) മറുപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവ് തുക 77,116/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 06.03.2023, 07.03.2023 | ഈ റിപ്പോർട്ടിനോടൊപ്പം |

| | | | പുറപ്പെടുവിച്ച |
|---|---|---|---|

4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 17,100 | നെൽകൃഷിക്ക് കൂലിചെലവ് ലഭ്യമാക്കൽ | 17,100 | 0 |
| | 2021-22 | 12,10,052 | ലൈഫ് ഭവന പദ്ധതി (പട്ടിക ജാതി)- ഭൂമിയുള്ള ഭവനരഹിതർ | 12,10,052 | 0 |
| | 2021-22 | 8,41,000 | ഭിന്നശേഷി യുള്ളവർക്ക് സ്കോളർഷിപ്പ് | 8,41,000 | 0 |
| | 2021-22 | 8,10,000 | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് | 8,10,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 23,160 | നെൽകൃഷിക്ക് കൂലിചെലവ് ലഭ്യമാക്കൽ | 23,160 | 0 |
| | 2021-22 | 4,50,000 | ഭിന്നശേഷി യുള്ളവർക്ക് സ്കോളർഷിപ്പ് | 4,50,000 | 0 |
| | 2021-22 | 5,00,000 | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് | 5,00,000 | 0 |

4-3 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻ വർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| മത്സ്യ മാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ലക്സ് | സ. ഉ - 2830/2014 ത.സ്വ.ഭ.വ 31/10/2014 | 0 | 4824100 | 1332792 | 438398 | 3491308 |
| ലൈഫ് ഭവന പദ്ധതി | സ.ഉ(എം.എസ്) 68/2018. ത.സ്വ.ഭ.വ തീയതി - 18/08/2018 | 0 | 10422589 | 520667 | 0 | 9901922 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 36,69,746 |
| തൻവർഷം നിക്ഷേപിച്ച തുക | 2,50,375 |
| ആകെ | 39,20,121 |
| തൻവർഷം പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 39,20,121 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിശദവിവരം

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|

| | |
|---|---|
| 100181806120061 KDC BANK | 3,91,980 |
| 100181806120062 KDC BANK | 3,74,319 |
| 100181806120063 KDC BANK | 25,81,757 |
| 103010096843 Eramala Service Co-op Bank | 5,72,065 |
| ആകെ | 39,20,121 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഏറാമല ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 7 | 2004-05 | 11.4.1 | തൊഴിൽ പരിശീലന പദ്ധതികൾ പരാജയപ്പെട്ടു | പരാമർശം തുടരുന്നു. |
| 2009-10 | 3-9 | 2012-13 | 4.7.1 | ആസൂത്രണത്തിലെ പിഴവ് – കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം നിലച്ചു | നിർമ്മാണം പൂർത്തിയാക്കിയത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കാൻ ശുപാർശ |
| 2014-15 | 2-2 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | പരാമർശം തുടരുന്നു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,18,88,636 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,61,80,595 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 89,13,492 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 14,33,272 | ശ്രീമതി. ദിവ്യ.ജി.വി,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-18 | 14,15,562 | ശ്രീമതി. ദിവ്യ.ജി.വി,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-22 | 26,06,600 | ശ്രീമതി. അഞ്ജന രാജേന്ദ്രൻ,<br>കൃഷി ഓഫീസർ |
| 1-30 | 97,775 | ശ്രീ. സജീവൻ.ഇ.ജി,<br>സെക്രട്ടറി |
| 1-31 | 4,38,320 | ശ്രീ. സജീവൻ.ഇ.ജി, |

| | | |
|---|---|---|
| | | സെക്രട്ടറി |
| 1-32 | 25,60,152 | ശ്രീ. സജീവൻ.ഇ.ജി,<br>സെക്രട്ടറി |
| 1-33 | 94,695 | ശ്രീ. സജീവൻ.ഇ.ജി,<br>സെക്രട്ടറി |
| 1-38 | 1,90,000 | ഡോ. ഉസ്മാൻ.പി.കെ,<br>മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) |
| 1-44 | 77,116 | ശ്രീ. സജീവൻ.ഇ.ജി,<br>സെക്രട്ടറി |
| ആകെ | 89,13,492 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സജീവൻ.ഇ.ജി,<br>സെക്രട്ടറി | സെക്രട്ടറി,<br>ഏറാമല ഗ്രാമപഞ്ചായത്ത് | ഇരട്ടപാറക്കൽ ഹൗസ്,<br>കുരാച്ചുണ്ട് (പി. ഒ)<br>കോഴിക്കോട് |

| | | |
|---|---|---|
| ശ്രീമതി. ദിവ്യ.ജി.വി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, തൃക്കോവിൽ വട്ടം ഗ്രാമപഞ്ചായത്ത് | ലക്ഷ്മി നിവാസ്, സിതാര ജക്ഷൻ, കൊട്ടിയം (പി. ഒ), കൊല്ലം |
| ശ്രീമതി. അഞ്ജന രാജേന്ദ്രൻ, കൃഷി ഓഫീസർ | കൃഷി ഓഫീസർ, ഏറാമല ഗ്രാമപഞ്ചായത്ത് | കല്ലുള്ളപറമ്പത്ത് ഹൗസ്, മയ്യന്നൂർ (പി. ഒ) |
| ഡോ. ഉസ്മാൻ.പി.കെ, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | വിരമിച്ചു | കക്കാട്ട ഹൗസ്, മയ്യന്നൂർ (പി. ഒ) |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1998-99 (ചെലവ്) | കെ.എസ്.എ.കെ.കെ.ഡി/പി9/ 1626/2019(1) തീ- 01.12.2020 | 1 | 43 |
| 1999-00 (ചെലവ്) | കെ.എസ്.എ.കെ.കെ.ഡി/പി9/ 1626/2019(2) തീ- 01.12.2020 | 2 | 5,7 |
| 1999-00 (വരവ്) | കെ.എസ്.എ.കെ.കെ.ഡി/പി9/ 1626/2019(3) തീ- 01.12.2020 | 1 | 27 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.പി5/ 1347/15 തീ-04.08.15 | 5 | 5, 6(1), (2), 7(1), 7(2) |

| | | | |
|---|---|---|---|
| 2001-02 (പ്ലാൻ ഒഴികെ) | കെ.എസ്.എ.കെ.കെ.ഡി.പി5/ 135/15 തീ.27.04.17 | 2 | 2-3, 3-2 |
| 2001-02 (പ്ലാൻ) | കെ.എസ്.എ.കെ.കെ.ഡി/പി9/ 1626/2019(5) തീ- 01.12.2020 | 2 | 7, 9 |
| 2002-03 | കെ.എസ്.എ.കെ.കെ.ഡി/പി9/ 1626/2019(6) തീ- 01.12.2020 | 3 | 3-2,3-7,3-8 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി/പി9/ 1626/2019(7) തീ- 01.12.2020 | 4 | 3-1, 3-2, 3-3, 3-4 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.എസ്1/ 1151/ 07തീ-27.9.08 | 8 | 3-1, 3-2, 3-3, 3-4, 3-5, 3-6, 3-8, 3-9 |
| 2005-06 | കെ.എസ്.എ.കെ.കെ.ഡി/പി9/ 1626/2019(8) തീ- 01.12.2020 | 8 | 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി/പി9/ 1626/2019(9) തീ- 01.12.2020 | 17 | 2-2, 2-4, 2-5, 2-6, 3-1, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-22, 3-23 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി/പി9/ 1626/2019(10) തീ- 01.12.2020 | 11 | 2-1, 2-3, 3-1, 3-3, 3-5, 3-6, 3-9, 3-16, 3-21, 3-22, 4-7 |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി/പി9/ 1626/2019(11) തീ- 01.12.2020 | 11 | 2-1,3-2,3-6,3-9, 3-10,3-11,3-12, 3-13,3-14,3-15, 4-7 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി/പി9/ 1626/2019(12) തീ- 01.12.2020 | 10 | 2-6, 3-4, 3-5, 3-6,3-7, 3-8(2,3), 3-9, 3-14, 3-15, 3-19 |
| 2010-11, 2011-12 | കെ.എസ്.എ.കെ.കെ.ഡി/പി9/ 1626/2019(13) തീ- 01.12.2020 | 13 | 3-1, 3-2, 3-3, 3-4, 3-5, 3-6,3-7,3-8, 3-9, 3-14, 3-20, 3-21, 3-23 |

| | | | |
|---|---|---|---|
| 2012-13, 2013-14 | കെ.എസ്.എ.കെ.കെ.ഡി/പി9/ 1626/2019(14) തീ- 01.12.2020 | 3 | 3-8, 3-10, 3-13 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി/പി3/ 1146/2021 തീ- 01.12.2021 | 13 | 2-2, 2-3, 2-4, 3-1, 3-2(1), (2), (4), 3-4(1), (2), (3), 3-5, 3-6, 3-9,3-10, 3-11, 4-2,4-9 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി5/ 2017/16 തീ-01.06.17 | 16 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7,2-8, 2-9, 3-1, 3-2, 3-3(1), 3-3(2), 3-4, 3-5, 4-9 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/പി9/ 1626/2019(15) തീ- 01.12.2020 | 21 | 2-1,2-2,2-3(3), 2-4, 2-6,2-7, 2-8,2-9,2-10, 3-2, 3-5,3-6, 3-7, 3-8, 3-11, 3-12, 3-13, 3-14, 3-15, 3-16(1), 3-16(2) |
| 2017 – 18 | കെ.എസ്.എ.കെ.കെ.ഡി/പി5/ 41/2019 തീ- 03.07.2019 | 15 | 1-12, 2-1, 2-2, 2-3, 2-4(1,4,5,6,7), 3-1, 3-2, 3-3, 3-4, 3-5,3-6, 3-7, 3-8,3-10,4-10 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി/പി9/ 872/2020 തീ- 18.09.2020 | 28 | 1-5,1-6,1-7,1-8, 1-9,1-10, 1-11, 1-12, 1-13, 1-14,1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-32 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി/പി3/ | 1-1 മുതൽ 1-40 | മുഴുവൻ |

| | | | |
|---|---|---|---|
| | 423/2022 തീ- 08-03-2022 | വരെ | ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി/പി3/ 985/2022 തീ- 02-06-2022 | 1-1 മുതൽ 1-25 വരെ | മുഴവൻ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ ഏറാമല ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ഏറാമല ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്